
# പ്രതീക്ഷയുടെ
# പൂമൊട്ടുകൾ

വാല്യം 35 ലക്കം നവംബർ 2016 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

## ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

"കർത്താവേ, നീ എന്നെ വളരെയധികം സ്നേഹിച്ചു.
എല്ലാം എനിക്കുവേണ്ടി നീ നല്കി.
ഇപ്പോൾ നീ എന്റെ ഹൃദയം ചോദിക്കുന്നു.
മറ്റെന്താണ് നിനക്ക് എന്നോടു ചോദിക്കാനുള്ളത്.

നക്ഷത്രങ്ങൾ പ്രകാശിക്കാൻ തുടങ്ങുന്നതിനുമുമ്പേ
നിന്റെ ചിന്തയിൽ നീ എന്നെ സ്വപ്നം കണ്ടു.

നിന്റെ ഹൃദയത്തിൽ നീ എന്നെ താരാട്ടുപാടി.
ശിശുവായിരുന്നപ്പോഴുള്ള എന്റെ ആദ്യത്തെ കരച്ചിലിനു മുമ്പേതന്നെ
നിന്റെ ദാനങ്ങളാൽ എന്നെ നീ പൊതിഞ്ഞു.


എന്റെ ജീവിതത്തിന്റെ നീണ്ട വർഷങ്ങളിൽ എപ്പോഴും നീ എനിക്കു
വെളിച്ചവും സമാധാനവും സ്നേഹവും ആയിരുന്നു.

ഇപ്പോൾ നീ എന്നെ മാധുര്യപൂർവം ക്ഷണിക്കുന്നു
നിന്റെ ചുവടുകളെ അനുഗമിക്കുവാൻ,
സ്നേഹത്തിന്റെ യാത്രയിൽ കൂടുതൽ കൂടുതൽ ഉയരത്തിൽ കയറുവാൻ.

കർത്താവേ നിന്നിൽ മാത്രം അഭയം കണ്ടെത്തുന്ന ദൈവികതയുടെ ഒരു വിശപ്പും
'അധിക'ത്തിന്റെ ആർദ്രമായ ദാഹവും നീ എനിക്കു തരിക.

നിന്റെ ആത്മാവോടുകൂടി നിന്റെ അടുത്തിരിക്കുക എനിക്ക് മാധുര്യമേറിയതാകുന്നു.
എന്നാൽ നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകം എന്നെ കാത്തിരിക്കുന്നു".

# പ്രതീക്ഷയുടെ പൂമൊട്ടുകൾ




വാല്യം 35 മംഗളവാർത്ത ലക്കം, നവംബർ 2016

**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"** (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

വാർഷിക വരിസംഖ്യ ₹ 100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- ജീവിതവീഥിയിലെ റാന്തൽ വിളക്ക് 05
- സഭ: ഒരു കുടുംബം 07
- ചിരിക്കുന്ന പൈൻമരം 09
- ദൈവകരുണ മനുഷ്യാവതാരത്തിൽ 10
- ദൈവകാരുണ്യം 13
- കരുണയുള്ളവർ 14
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- Mane Nobiscum Domine 20
- ദൈവം കൂടെയുണ്ട് 23
- സഭയും വിശുദ്ധരും 25
- അവർണനീയമീ സ്നേഹം 26
- സെനക്കിൾ തരംഗം 28
- രണ്ട് അമ്മമാർ 29
- വെറുതെ കളിച്ചുവച്ചു ക്ലിക്കാക്കണോ? 31
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 34

എഡിറ്റോറിയൽ

# ഒപ്പമായിരിക്കുക

*"ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ മിശിഹാ ഇന്നു ജനിച്ചിരിക്കുന്നു"* (ലൂക്കാ 2,10-11).

നൂറ്റാണ്ടുകളായി കാണാൻ കാത്തിരുന്ന അനേകർക്ക് രക്ഷകനെ കാണാനും തിരിച്ചറിയാനും കഴിഞ്ഞില്ല. സാമൂഹികവും മതപരവും രാജകീയവും വൈജ്ഞാനീയവുമായ തലങ്ങളിൽ ഉന്നതശ്രേണിയിൽ വിരാജിച്ചിരുന്നവർക്ക് രക്ഷകന്റെ ആദ്യദർശനം ലഭിച്ചില്ല. വിണ്ണിന്റെ മഹത്ത്വം വെടിഞ്ഞ്, മനുഷ്യന്റെ കൂടെ വസിക്കുന്നവനായി, എമ്മാനുവേലായി (മത്താ 1,23), ദൈവപുത്രൻ ഭൂവിൽ പിറന്ന സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത മാലാഖമാർ ആദ്യമായി അറിയിച്ചത് ആ പ്രദേശത്തെ വയലുകളിൽ ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയന്മാർക്കാണ് (ലൂക്കാ 2,8). രാവേറിയപ്പോഴും സുഖനിദ്രയെ മാറ്റിനിർത്തി ആടുകളെ കാത്തുകൊണ്ടിരുന്നതാണോ രക്ഷകദർശനത്തിന് അവരെ യോഗ്യരാക്കിയത്!

ഒന്നുറപ്പ്... സോദരർക്ക് കാവലിരിക്കുന്നവർക്കാണ് രക്ഷകൻ കാവലാകുന്ന അനുഭവമുണ്ടാകുന്നത്. കൂട്ടിരിക്കുന്നവർക്കാണ് കൂടെയായിരിക്കുന്നവന്റെ മഹത്ത്വം തിരിച്ചറിയാൻ കഴിയുന്നത്.

ഈശോമിശിഹായുടെ ആഗമനം ധ്യാനവിഷയമാക്കുന്ന മംഗളവാർത്താകാലത്തോടുകൂടി ആരാധനാവത്സരത്തിൽ ഒരു പുതിയ വർഷംകൂടി പിറന്നിരിക്കുന്നു. ഒപ്പമായിരിക്കാൻ പിറന്നവന്റെ ഒപ്പമായിരുന്നുകൊണ്ട് മറ്റുള്ളവരോടൊപ്പമായിരിക്കുമ്പോഴാണ് ഈ മംഗളവാർത്തക്കാലം മംഗളകരമായി പര്യവസാനിക്കുന്നത്. ദൈവം ഉന്നതത്തിൽ വസിക്കുന്നവനല്ല കൂടെയായിരിക്കുന്നവനാണ് എന്ന അനുഭവം നാം കണ്ടുമുട്ടുന്നവർക്കു പകരാൻ നമുക്കാവണം. ദൈവസ്നേഹത്തിന്റെ, സാന്നിദ്ധ്യത്തിന്റെ, കാരുണ്യത്തിന്റെ, ക്ഷമയുടെ, കാത്തിരിപ്പിന്റെയൊക്കെ പ്രഘോഷണമായി ജീവിതം രൂപപ്പെടുത്തി, ദൈവം കൂടെയുണ്ടെന്നത് അപരന് അനുഭവവേദ്യമാക്കുവാൻ നമുക്കു സാധിക്കട്ടെ. ആഗതമാകുന്ന തിരുപ്പിറവിയുടെ ആശംസകളോടെ,

**ചീഫ് എഡിറ്റർ**



# ജീവിതവീഥിയിലെ റാന്തൽവിളക്ക്

**ജിസാ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

അന്ധനായ ഒരു മനുഷ്യൻ ഒരു സന്ധ്യയിൽ തന്റെ കൂട്ടുകാരന്റെ വീട്ടിൽ അത്താഴത്തിനു ചെന്നു. ഭക്ഷണത്തിനുശേഷം പോകാനിറങ്ങിയ അയാളുടെ കൈയിൽ ഒരു റാന്തൽവിളക്ക് കത്തിച്ചുകൊടുത്തുകൊണ്ട് സുഹൃത്തു പറഞ്ഞു: "ഇത് അങ്ങേയ്ക്ക് ഉപകരിക്കും". അയാൾക്ക് അത്ഭുതമായി. അയാൾ ചോദിച്ചു: ''അന്ധനായ എനിക്കെന്തിന് വിളക്ക്"? കൂട്ടുകാരൻ പറഞ്ഞു: 'ഇതങ്ങേയ്ക്ക് കാണാനല്ല, മറിച്ച് രാത്രിയിൽ എതിരേ വരുന്നവർക്ക് അങ്ങയെ കാണാൻവേണ്ടിയാണ്. അദ്ദേഹത്തിന് സന്തോഷമായി. എന്നാൽ നിർഭാഗ്യവശാൽ വിളക്കുമായി മുമ്പോട്ടു നീങ്ങിയ ആ അന്ധനെ എതിരെ വന്നയാൾ തട്ടി താഴെയിട്ടു. തട്ടിപ്പിടഞ്ഞെഴുന്നേറ്റ അന്ധൻ എതിരെ വന്നയാളോട് കയർത്തു. എന്റെ കൈയിലെ വിളക്ക് കണ്ടിട്ടും താനെന്നെ എന്തിനാണ് തട്ടി താഴെയിട്ടത്? ഉടനെ മറ്റെയാൾ സൗമ്യതയോടെ മറുപടി പറഞ്ഞു: "അങ്ങയുടെ കൈയിലെ വിളക്ക് എപ്പോഴേ കെട്ടിരിക്കുന്നു"....

എവിടെയോ വായിച്ച ഈ കഥ എനിക്ക് ഏറെ ചിന്തയ്ക്കു വക നല്കി. ഉള്ളിലെ വെളിച്ചം അണഞ്ഞിട്ടും പ്രകാശമുള്ളവരെന്ന മിഥ്യാബോധത്താൽ മുമ്പോട്ടുനീങ്ങുന്ന ഒരു ക്രിസ്തീയതയെ നാം കണ്ടുമുട്ടും, നമ്മുടെ സമൂഹങ്ങളിൽ. വിശ്വാസമാണ് നമ്മുടെ ക്രിസ്തീയ ജീവിതത്തെ പ്രകാശിപ്പിക്കുക. തലമുറകളിലൂടെ പകർന്നുകിട്ടിയ വിശ്വാസവെളിച്ചം നമ്മുടെ ഉള്ളിലും കുടുംബത്തിലും അണഞ്ഞു തുടങ്ങിയോ? കരിന്തിരി കത്തിയോ? എണ്ണ തീർന്നുപോയോ? ഇന്ന് വിശ്വാസം, പണ

ത്തെയും ആരോഗ്യത്തെയും സൗകര്യങ്ങളെയും ആശ്രയിച്ചാണിരിക്കുന്നത് എന്നു തോന്നാറുണ്ട്. ഇവയെല്ലാം നഷ്ടപ്പെടുന്നതു വരെ കഷ്ടിച്ച് ഞായറാഴ്ച ക്രിസ്ത്യാനികളായിരുന്നവർ നഷ്ടങ്ങളുടെ അളവനുസരിച്ച് ധ്യാനമന്ദിരങ്ങളിലേക്കും പള്ളികളിലേക്കും ഓടിക്കൂടുമ്പോൾ ചിന്തിച്ചുപോകാറുണ്ട് - എന്താണീ വിശ്വാസം? ആഴക്കടലിലാണ്ടുപോയവന്റെ കയ്യിലെ കച്ചിത്തുരുമ്പാണോ അത്? രോഗിയാകുമ്പോഴാണോ വിശ്വാസിയാകേണ്ടത്? സാമ്പത്തിക തകർച്ചയിലാണോ ബൈബിൾ കയ്യിലെടുക്കേണ്ടത്?

പലപ്പോഴും വലിയ കൂട്ടിയിടികളിലും തട്ടിവീഴ്ച്ചകളിലുമാണ് കൈയിലെ റാന്തൽ വിളക്ക് കെട്ടുപോയ വിവരം അറിയുക. തിരിച്ചറിവുണ്ടാകുമ്പോഴേക്കും കത്താനിടയില്ലാത്തവിധം കരിന്തിരി കത്തിയിട്ടുമുണ്ടാകാം. പിന്നെ അത് കത്തിക്കാനുള്ള നെട്ടോട്ടമായി. പകർന്നുകിട്ടിയ വിശ്വാസറാന്തലിന്റെ ചെറുവെട്ടത്തിൽ മുമ്പോട്ടു നീങ്ങുമ്പോൾ നമ്മുടെ മനസ്സാക്ഷിയുടെ കണ്ണിൽ തിമിരം ബാധിച്ചതും നാം അറിയാറില്ല എന്നതാണ് സത്യം. അപ്പോൾ കൂട്ടിയിടികൾക്ക് കാരണമായവരെല്ലാം നമ്മുടെ വീഴ്ചയുടെ കാരണങ്ങളായി മുദ്ര കുത്തപ്പെടുന്നു.

ലോകത്തെ മുഴുവൻ പ്രകാശിപ്പിച്ച നീതിസൂര്യന്റെ ഉദയത്തിന്റെ മനോഹര സ്മരണകളുമായി ഒരു മംഗളവാർത്താക്കാലംകൂടി.... പ്രകാശമാകാനും പ്രകാശമേകാനും നമ്മെ ക്ഷണിക്കുകയാണീ നോമ്പുകാലം. "മിന്നാമിനുങ്ങിനെങ്ങനാ മുത്തശ്ശീ കുഞ്ഞുവെട്ടം കിട്ടിയത്? കുഞ്ഞുമോളുടെ ചോദ്യത്തിന് മുത്തശ്ശി പുഞ്ചിരിയോടെ മറുപടി പറഞ്ഞു: മോളേ... അത് ഉണ്ണിയീശോ കാലിത്തൊഴുത്തിൽ പിറന്നപ്പോൾ ഒട്ടും വെളിച്ചമുണ്ടായിരുന്നില്ല. കുഞ്ഞുമിന്നാമിനുങ്ങിന് സങ്കടമായി. അത് കുഞ്ഞുണ്ണിയുടെ അടുത്തു പോയിരുന്നു കണ്ണീർ പൊഴിച്ചു. അതു കണ്ട് ഉണ്ണീശോ അതിനെ സ്നേഹപൂർവ്വം തലോടി. അപ്പോൾ മുതൽ മിന്നാമിനുങ്ങ് പ്രകാശിച്ചുതുടങ്ങി".

പ്രകാശമാകണമെങ്കിൽ, പ്രകാശമേകണമെങ്കിൽ അവന്റെ സ്നേഹസ്പർശനം ലഭിക്കണം. അതിന് അവന്റെ അടുത്തായിരിക്കണം. അപ്പോൾ മാത്രമേ നമ്മുടെ വിശ്വാസവിളക്ക് പ്രകാശിച്ചുതുടങ്ങൂ. അവന്റെ കൈയിൽ നിന്നു മാത്രമേ വിളക്കിനുള്ള എണ്ണ ലഭിക്കൂ. പാരമ്പര്യമായി കിട്ടിയ വിശ്വാസത്തിന്റെ പേരിൽ മുമ്പോട്ടു നീങ്ങുമ്പോൾ വിളക്കിലെ എണ്ണ തീരുന്നതും, പുറമേ നിന്ന് ശക്തമായ കാറ്റടിക്കുന്നതും നാം അറിയില്ല. അവന്റെ അടുത്തായിരിക്കാം നമുക്ക്. "ഉന്നതത്തിൽ നിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുന്ന ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം വീശുന്ന" (ലൂക്കാ 1,79) നാളുകൾക്കായി നമുക്കൊരുങ്ങാം. നമ്മുടെ ജീവിതവിളക്കുകൾ നമുക്കു പ്രകാശിപ്പിക്കാം. അങ്ങനെ വെളിച്ചമാകുന്നവരും, വെളിച്ചമേകുന്നവരുമാകാൻ വെളിച്ചത്തിന്റെ നാഥൻ നമ്മെ അനുഗ്രഹിക്കട്ടെ...

**"ബേത്‌ലഹേമിലെ ചെറിയ പുൽക്കൂട്ടിൽ നടന്നതുപോലുള്ള അത്ര വലിയ ഒരത്ഭുതം ലോകത്തിൽ മറ്റൊരിടത്തും നടന്നിട്ടില്ല. ഇവിടെ ദൈവവും മനുഷ്യനും ഒന്നായിത്തീർന്നു" (തോമസ് അ കെംപിസ്).**





സെനക്കിൾ ആദ്ധ്യാത്മികത - 38

# സഭ ഒരു കുടുംബം

മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ

സെനക്കിളിന്റെ രണ്ടു തലങ്ങളിലും സഭ ജന്മംകൊള്ളുന്നത് ഒരു കുടുംബമായിട്ടാണ്. ഈ കുടുംബസ്വഭാവം വേണ്ടതുപോലെ മനസ്സിലാക്കുവാനും ജീവിക്കുവാനും ഇന്നും സഭാംഗങ്ങൾക്കു കഴിയുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. സഭയെ ഒരു മതമായോ, സ്ഥാപനമായോ, പ്രസ്ഥാനമായോ ഒക്കെ കാണുവാനും കൈകാര്യം ചെയ്യുവാനും ഇടയാകുന്നു എന്നതാണു സത്യം. അതിന്റേതായ പോരായ്മകൾ സഭയിൽ അനുഭവപ്പെടുന്നുമുണ്ട്. അതുകൊണ്ട് സഭയുടെ യഥാർത്ഥസ്വഭാവം -കുടുംബസ്വഭാവം- മനസ്സിലാക്കി അതിനനുസൃതമായി ജീവിക്കുവാൻ സെനക്കിൾ ആദ്ധ്യാത്മികത സഹായകരമാകും.

### ആദ്യജാതനോടൊത്ത് ജന്മംകൊള്ളുന്ന ദൈവമക്കളുടെ കുടുംബം

ഈശോയും ശിഷ്യസമൂഹവുമാണല്ലോ സെനക്കിളിന്റെ ആദ്യതലത്തിൽ അവതരിപ്പിക്കപ്പെടുന്നത്. ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ തന്റെ പുത്രനെ അനേക സഹോദരരിൽ ആദ്യജാതനായിട്ടാണ് പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത് (റോമാ 8,29). തന്റെ ശിഷ്യരുമൊത്ത് ഹൃദയവികാരങ്ങൾ പങ്കുവയ്ക്കുന്ന സെനക്കിളിന്റെ ആദ്യതലത്തിൽ ഒരു പിതാവും സഹോദരനുമായിട്ടാണ് ഈശോ പ്രത്യക്ഷപ്പെടുന്നത്. പിതൃസഹജമായ വാത്സല്യത്തോടുകൂടി തന്റെ ശിഷ്യരെ "എന്റെ കുഞ്ഞുങ്ങളേ" എന്ന് ഈശോ വിളിക്കുന്നു (യോഹ 13,33). പിതൃസഹജമായ തുടിപ്പുകൾ അനുഭവപ്പെട്ട ഈശോയുടെ ഹൃദയത്തിൽനിന്നുമാണല്ലോ സഭ ജന്മംകൊണ്ടത് (യോഹ 19,34). "ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവസാനംവരെ സ്നേഹിച്ചു" (യോഹ 13,1) എന്നു പറഞ്ഞുകൊണ്ട് ആരംഭിക്കുന്ന സെനക്കിൾ വേദിയിൽ ദൈവപിതാവിന്റെ പിതൃസഹജമായ ബന്ധവും സ്നേഹവുമാണ് ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ടത്. ഉത്ഥാനത്തിനു ശേഷം ശിഷ്യരോടുള്ള തന്റെ സാഹോദര്യബന്ധവും ഈശോ വ്യക്തമായി പ്രകടിപ്പിക്കുന്നുണ്ട്: "നീ എന്റെ സഹോദരന്മാരുടെ അടുത്തുചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും ... അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക" (യോഹ 20,17).




### മാതാവിനോടൊത്ത് ജന്മംകൊള്ളുന്ന ദൈവമക്കളുടെ കുടുംബം

സെനക്കിളിന്റെ രണ്ടാം തലത്തിൽ പരിശുദ്ധ കന്യകാമാതാവിന്റെ കൂട്ടായ്മയിൽ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശ്ലീഹന്മാരുടെയും ശിഷ്യസമൂഹത്തിന്റെയും കുടുംബമായിട്ടാണ് സഭ അവതരിപ്പിക്കപ്പെടുന്നത് (നട 1,12-14). പരിശുദ്ധാത്മാവ് പുത്രസ്വീകാരത്തിന്റെ ആത്മാവാണല്ലോ: "നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണു നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവുമൂലമാണ് നാം ആബാ -പിതാവേ- എന്നു വിളിക്കുന്നത്" (റോമാ 8,15). ഈശോയെ സ്വീകരിക്കുന്നവരും ഈശോയുടെ നാമത്തിൽ വിശ്വസിക്കുന്നവരുമായ എല്ലാവർക്കും ദൈവമക്കളാകുവാനുള്ള അവകാശം നല്കിയെന്നും, അവർ ജനിക്കുന്നത് ദൈവത്തിൽനിന്നാണെന്നും യോഹന്നാൻ സുവിശേഷകൻ ആരംഭത്തിൽത്തന്നെ പറഞ്ഞുവയ്ക്കുന്നുണ്ട് (യോഹ 1,12-13). അതുകൊണ്ട് സഭ ദൈവമക്കളുടെ കുടുംബമായിട്ടാണ് സെനക്കിളിൽ -പന്തക്കുസ്താനുഭവത്തിലൂടെ- ജന്മംകൊള്ളുന്നത്. പരിശുദ്ധ കന്യകാമറിയത്തെ കുരിശിൻചുവട്ടിൽ ഈശോ സ്നേഹിച്ച ശിഷ്യന്റെ -ഓരോ വിശ്വാസിയുടെയും- അമ്മയായി ഈശോ നല്കിയെങ്കിൽ (യോഹ 19,25-27), രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയുടെ അമ്മയായി അവളെ പ്രഖ്യാപിക്കുകയും ചെയ്തു. ഇപ്രകാരം ദൈവമക്കളുടെ കുടുംബമായിട്ടാണ് സഭ ജന്മംകൊണ്ടത്.

### കുടുംബാരൂപി പുലർത്തേണ്ട ദൈവമക്കളുടെ കുടുംബം

സഭ ജന്മംകൊണ്ടത് ദൈവമക്കളുടെ കുടുംബമായിട്ടാണെങ്കിൽ സഭാംഗങ്ങൾ ജീവിക്കേണ്ടത് ദൈവമക്കൾക്കടുത്ത കുടുംബാരൂപിയിലാണ്. ശ്ലീഹന്മാരുടെ പിൻഗാമികളെന്ന നിലയിൽ സഭയിൽ ശ്ലൈഹികശുശ്രൂഷ നിർവഹിക്കുന്ന മെത്രാന്മാരും അവരുടെ ശ്ലൈഹികശുശ്രൂഷയിൽ പങ്കുചേരുന്ന പുരോഹിതന്മാരും വിശ്വാസികളെ ദൈവമക്കളായി ജനിപ്പിക്കുന്നവരും വളർത്തുന്നവരുമാണെന്ന അവബോധത്തോടെ അവരുടെ ശുശ്രൂഷ നിർവഹിക്കണം. ആധിപത്യത്തിന്റേതല്ല, സ്നേഹശുശ്രൂഷയുടെയും സ്വയാർപ്പണത്തിന്റെയും ചൈതന്യമാണ് അവരുടെ ദൗത്യനിർവഹണത്തിൽ പ്രതിഫലിക്കേണ്ടത്. സെനക്കിളിൽ പാദംകഴുകൽ ശുശ്രൂഷയിലൂടെ തന്റെ ശിഷ്യരെ സ്നേഹിച്ച ഈശോയുടെ മാതൃക സ്വീകരിച്ച് സഭാകുടുംബത്തെ കളങ്കരഹിതവും പരിശുദ്ധവുമായി (എഫേ 5,27) കാത്തുപാലിക്കുവാൻ അവർ ശ്രദ്ധിക്കണം. നിത്യപുരോഹിതനും ഏകപുരോഹിതനുമായ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേർന്നവരെന്ന നിലയിൽ കൂദാശാസാഹോദര്യം പുലർത്തുവാൻ പുരോഹിതഗണത്തിൽപെട്ടവരെല്ലാം പ്രത്യേകം ശ്രദ്ധിക്കണം. വിശ്വാസികളെല്ലാം മെത്രാന്മാരെയും വൈദികരെയും മിശിഹായുടെ പിതൃത്വത്തെ പ്രതിനിധീകരിക്കുന്നവരായി സ്നേഹിക്കുകയും ബഹുമാനിക്കുകയും, പരസ്പരം സഹോദരതുല്യം സ്നേഹിക്കുകയും ചെയ്യണം. ഇപ്രകാരം കുടുംബാരൂപി പുലർത്തുന്ന ഒരു സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ സഭാംഗങ്ങളെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു.

**‘ദൈവം രക്ഷിക്കുന്നു’ എന്നാണ് ഹീബ്രു ഭാഷയിൽ ഈശോ എന്ന പേരിന്റെ അർത്ഥം.**



# ചിരിക്കുന്ന പൈൻമരം!

**റാഫേൽ ജി. കൂനൻ**
**മുള്ളുണ്ട്, മുംബൈ**

രക്ഷകനുവേണ്ടിയുള്ള ലോകത്തിന്റെ പ്രാർത്ഥനാനിർഭരവും ആകാംക്ഷാഭരിതവുമായ കാത്തിരിപ്പ് നൂറ്റാണ്ടുകളിലൂടെ തുടർന്നു. എന്നിട്ടും, രണ്ടായിരം വർഷങ്ങൾക്കുമുമ്പ്, മഞ്ഞുപെയ്യുന്ന ഒരു രാത്രിയിൽ, ബേത്‌ലഹേമിലെ ഒരു പുൽക്കൂട്ടിൽ ദൈവസുതനായ ലോകരക്ഷകൻ പിറന്നത് മാലോകർ അറിഞ്ഞില്ല... എന്നാൽ, സ്വർഗ്ഗം തുറന്നു, മാലാഖമാർ പാടി, കിളികൾ അതേറ്റുപാടി, മൃഗങ്ങൾ സന്തോഷചിത്തരായി, വൃക്ഷലതാദികൾ ആനന്ദനൃത്തമാടി, ഫലവൃക്ഷങ്ങൾ ഏറ്റവും നല്ല കായ്കനികൾ ദൈവസുതനു കാഴ്ചവച്ചു. നിഷ്കളങ്കരായ ആട്ടിടയന്മാർക്ക് അവന്റെ ആദ്യദർശനം ലഭിച്ചു; അവർ ആനന്ദസാഗരത്തിലാറാടി. നക്ഷത്രം ചലിച്ചു, ജ്ഞാനികൾ അതിനെ പിന്തുടർന്ന് ഉണ്ണീശോസവിധം എത്തി അവനെ കുമ്പിട്ടാരാധിച്ചു...

ഒലിവുമരങ്ങൾ സ്വർണ്ണനിറമുള്ള തങ്ങളുടെ ഏറ്റവും നല്ല പഴങ്ങൾ അവനു സമ്മാനിച്ചപ്പോൾ, പനകൾ പച്ചപ്പിന്റെ ആർച്ചുകൾ കെട്ടി അവനെ തണുപ്പിൽനിന്നും കൊടുങ്കാറ്റിൽനിന്നും രക്ഷിച്ചു. പൈൻ മരത്തിന്റെ പക്കൽമാത്രം അവനു കൊടുക്കുവാൻ ഒന്നും ഉണ്ടായിരുന്നില്ല. അത് അത്യധികം വ്യസനിച്ചു. കരയുവാനല്ലാതെ മറ്റൊന്നിനും അതിനു കഴിഞ്ഞില്ല. അതിന്റെ തേങ്ങിക്കരച്ചിലിന്റെ അലകൾ അങ്ങ് ആകാശത്തിലും എത്തി.

വിതുമ്പി വിതുമ്പിയുള്ള അതിന്റെ കരച്ചിൽ കേട്ട് ഏറെനേരം നിഷ്ക്രിയരായി നിൽക്കുവാൻ നക്ഷത്രങ്ങൾക്ക് കഴിഞ്ഞില്ല. അവ ആകാശത്തുനിന്ന് അനേകം കുഞ്ഞുനക്ഷത്രങ്ങളെ പൈൻമരത്തെ ആശ്വസിപ്പിക്കാനായി അയച്ചു. അവ അതിന്റെ ദേഹമാസകലം വന്നിരുന്നു. ചിരിച്ചും കണ്ണിറുക്കി കാണിച്ചും അതിനെ രസിപ്പിക്കാൻ ശ്രമിച്ചു. അവയുടെ ഗോഷ്ടികൾ കണ്ട് പൈൻമരത്തിന് ചിരിക്കാതിരിക്കാൻ വയ്യാതെയായി. ഒടുവിൽ അത് ഹൃദ്യമായി ചിരിച്ചു. എന്തിനേറെ പറയണം, കൊച്ചു നക്ഷത്രങ്ങളാൽ അലംകൃതമായ ആ ചിരിക്കുന്ന പൈൻമരമായിരുന്നു ഉണ്ണീശോയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട സമ്മാനമായി പിന്നീട് മാറിയത്.

അന്നുമുതൽ അലങ്കരിച്ച പൈൻമരം ക്രിസ്മസ്സിന്റെ ഒരു അവിഭാജ്യഘടകമായി തീർന്നു.



# ദൈവകരുണ മനുഷ്യാവതാരത്തിൽ

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

ഈശോയുടെ മനുഷ്യാവതാരത്തിൽ "സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്ത നിങ്ങളെ ഞാൻ അറിയിക്കുന്നു" എന്ന ദൈവദൂതന്റെ സന്ദേശം ഈശോമിശിഹായിൽ അന്വർത്ഥമായി എന്നു നാം അനുഭവിച്ചറിയുന്നു. ദൈവത്തിന്റെ മുഖം കരുണയാണെന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഈ മഹാരഹസ്യത്തിന്റെ പ്രഘോഷണമാണ്. മനുഷ്യാവതാരമെന്ന ദൈവ കരുണയുടെ രഹസ്യത്തിനു മുമ്പിൽ നിന്നു കൊണ്ട് കരുണാസമ്പന്നനായവനിലേക്ക് നമുക്ക് ദൃഷ്ടി തിരിക്കാം.

ലോകം തള്ളിക്കളയുന്നവരാണ് കർത്താവിന്റെ കൺമുമ്പിൽ; അവിടുത്തെ കടാക്ഷം അപമാനിക്കപ്പെടുന്നവരോടൊപ്പമാണ്. ലൂക്കാ സുവിശേഷകൻ പറയുന്നു: "മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കിക്കളയാൻ കർത്താവ് എന്നെ കടാക്ഷിച്ച് എനിക്ക് ഇതു ചെയ്തുതന്നിരിക്കുന്നു" (ലൂക്കാ 1,25). ലോകം നേട്ടങ്ങളുടെയും നേട്ടങ്ങൾ ഉണ്ടാക്കുന്നവരുടെയും പുറകെ പായുമ്പോൾ അവിടുന്ന് താഴ്മയുള്ളവരെയാണ് നോക്കിക്കാണുന്നത്. "അവിടുന്ന് തൻെറ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും" (ലൂക്കാ 1,48).

ഇന്നത്തെ ലോകത്തിന് കുറവുകളുള്ളവരെ ആവശ്യമില്ല. ബുദ്ധിയിൽ കുറവുള്ളവർ, ശാരീരിക കുറവുകളുള്ളവർ, സാമ്പത്തിക-രാഷ്ട്രീയസ്വാധീന കുറവുള്ളവർ തുടങ്ങിയവരെ ലോകം പിന്നിലേക്ക് തള്ളുമ്പോൾ, വഴിയോരത്തേക്ക് തള്ളപ്പെട്ട കുരുടനെ തന്റെ അടുക്കലേക്കും സമൂഹമധ്യത്തിലേക്കും കൊണ്ടുവരുകയും സൗഖ്യപ്പെടുത്തി അയയ്ക്കുകയും ചെയ്തവനാണ് അവിടുന്ന്. ന്യൂനതകളുള്ള കുഞ്ഞുങ്ങൾ എന്നു വൈദ്യശാസ്ത്രം വിധിയെഴുതിയാൽ പിന്നെ ജീവൻ സമ്മാനിച്ചവൻെറ കരുണയുടെ കടാക്ഷത്തിന് കാത്തിരിക്കാൻ ക്ഷമകാട്ടാതെ കാട്ടാളമനോഭാവത്തോടെ ഉദരസ്ഥശിശുക്കളുടെ കഴുത്തിനു കത്തിവയ്ക്കുന്ന ആധുനിക മാതാപിതാക്കന്മാരും ശാസ്ത്രലോകവും കുറവുകൾ പരിഹരിക്കുന്ന കർത്താവിന്റെ കാരുണ്യപൂർവ്വകമായ കടാക്ഷത്തെ ധ്യാനവിഷയമാക്കണം: "ഈശോ സ്നേഹപൂർവം അവനെ കടാക്ഷിച്ചുകൊണ്ടു പറഞ്ഞു: നിനക്ക് ഒരു കുറവുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മർക്കോ 10,21).

ബേത്സഥാ കുളക്കരയിൽ 38 വത്സരങ്ങളായി സഹായിക്കാനാരുമില്ലാതിരുന്നിട്ടും പ്രതീക്ഷയോടെ സൗഖ്യം കാത്തുകിടന്നിരുവനെ ആരും കണ്ടില്ല. എന്നാൽ കരുണാവാരിധിയും കൃപാലുവുമായ ഈശോ അവനെ കാണുന്നു. രക്ഷയുടെ നീർച്ചാലിൽ മുക്കിയെടുക്കുന്നു. അത്തിമരത്തിന്റെ ചുവട്ടിൽ തന്റെ ഏകാന്ത നിമിഷങ്ങളിൽ കഴിഞ്ഞിരുന്ന നഥാനിയേലിനെ കർത്താവു കാണുന്നുണ്ടായിരുന്നു. കാണുക മാത്രമല്ല തന്റെ അടുക്കലേക്കവനെ ആനയിക്കാൻ ആദ്യ ശിഷ്യരിലൂടെ വഴിയൊരുക്കുകയും ചെയ്തു. അവനു അവിടുത്തെ സവിധത്തിലെത്താനായത് കർത്താവ് അവനെ നോക്കിയിരുന്നതിനാൽ മാത്രമാണ്. കർത്താവിന്റെ സവിധത്തിൽ നാമിപ്പോൾ ആയിരിക്കുന്നതും അവിടുത്തെ കരുണാമസൃണമായ കടാക്ഷത്താലാണ്. സങ്കീർത്തകൻ പ്രാർത്ഥിക്കുന്നു: "കർത്താവേ, ദയതോന്നി എന്നെ കടാക്ഷിക്കണമേ! ഞാൻ ഏകാകിയും പീഡിതനുമാണ്'' (25,16). അവിടുത്തെ നോട്ടം പോലും കരുണയുടെ ഒഴുക്കായി തീരുന്നു. തള്ളിപ്പറഞ്ഞ പത്രോസിനെ അവിടുന്നു കരുണയോടെ നോക്കി അനുതാപത്തിലേക്കു നയിച്ചു വീണ്ടെടുത്തു. ഇടയനില്ലാത്ത ആടുകളെ പോലെ അലയുന്ന ആളുകളെ കണ്ട് അലിവുതോന്നി, രക്ഷിച്ചു. അവിടുത്തെ കടാക്ഷം ഉണ്ടായ നിരവധി അനുഭവങ്ങൾ സുവിശേഷങ്ങൾ വിവരിക്കുന്നു. അതൊക്കെയും ദൈവത്തിന്റെ കരുണയുടെ രക്ഷാകരമായ സംഭവങ്ങളായി നാം വായിക്കുന്നു. ആകയാൽ ജനക്കൂട്ടത്തിൽനിന്ന് ഒരുവൻ 'ഗുരോ, എൻെറ മകനെ കടാക്ഷിക്കണമെന്ന് നിന്നോടു ഞാൻ അപേക്ഷിക്കുന്നു. അവൻ എൻെറ ഏക മകനാണ്" (ലൂക്കാ 9,38) എന്നു വിളിച്ചുപറഞ്ഞതുപോലെ നമുക്കും പ്രാർത്ഥിക്കാം 'കർത്താവേ, ഞങ്ങളെ കടാക്ഷിക്കണമേ'. കരുണയുടെ സുവിശേഷ കനായ ഫ്രാൻസിസ് മാർപാപ്പ പറയുന്നു, അവിടുന്നു നമ്മെ നോക്കുവാൻ നാമനുവദിക്കണം എന്ന്.

കർത്താവിന്റെ കടാക്ഷം ഉണ്ടാകുവാൻ അത്തിമരത്തിൻ ചുവട്ടിലിരുന്ന നഥാനിയേലിനും സിക്കമൂർ മരത്തിൻ മുകളിലായിരുന്ന




സക്കേവൂസിനും ആരോരുമില്ലാതെ ഒറ്റപ്പെട്ടിരുന്ന തളർവാതരോഗിക്കും സഹോദരനോടു കോപിച്ച് മുഖം കറുപ്പിച്ചിരുന്ന കായേലിനും കർത്താവിന്റെ കാരുണ്യത്തിന്റെ കടാക്ഷം ലഭിച്ചു. എങ്കിൽ, നഥാനിയേലിനെപ്പോലെ നിഷ്കപടരായവർക്കു മാത്രമല്ല, സക്കേവൂസിനെപ്പോലെ പരസ്യപാപികൾക്കും ഒറ്റപ്പെട്ടവർക്കും ജീവിതക്ലേശങ്ങളാൽ മുന്നോട്ടുനീങ്ങുവാൻ കഴിയാതെ തളർന്നവർക്കും വിശ്വാസജീവിതത്തിന്റെ തകർച്ചകളിൽ കായേനെപ്പോലെ നിരാശരും സഭാസമൂഹത്തിൽ നിന്നകന്ന് അസ്വസ്ഥതകളുടെ നടുവിലായിരിക്കുന്നവർക്കും ഇന്നത്തെ ലോകത്തിന്റെ ഏതു അവസ്ഥകളിൽ പെട്ടലയുന്നവർക്കും അവിടുന്ന് ആശ്രയവും ആലംബവും രക്ഷയുമാണ് എന്നു സുവിശേഷങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

കരുണയുള്ള ദൈവത്തിന്റെ അമ്മയായ പരിശുദ്ധ അമ്മയും എത്രയോ കരുണാസമ്പന്നയാണ്. തന്റെ ശാരീകാസ്വസ്ഥതകളെ മറന്ന് ഏലീശ്വാമ്മയുടെ ശുശ്രൂഷകയായി ആവശ്യപ്പെടാതെ കടന്നുചെല്ലുന്ന അമ്മ... കാനായിൽ മണവാളൻ അറിയും മുമ്പേ കുറവുകളറിഞ്ഞ് അമ്മ അവ പുത്രസവിധേ എത്തിക്കുന്നു.

മാതാവിനെ നാം തേടുന്നതിനുമുമ്പേ തന്നെ മാതാവു നമ്മെ തേടുന്നു. നാം ചോദിക്കുന്നതിലും വളരെ കൂടുതലായി അവൾ തന്റെ സാന്നിധ്യവും സഹായവും നമുക്കുതരുന്നു. ഇതാണ് കരുണയുടെ പ്രായോഗികത.

**ഡിസംബർ 8-ാം തീയതി മാതാവിന്റെ അമലോത്ഭവതിരുനാൾ ആചരിക്കുന്നു. 1854 ലാണ് മറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടത്.**


## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ**
**ഒരു ജീവിതം....**



**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**




കവിത

# ദൈവകാരുണ്യം

ഫിലോ കുറ്റിയാത്ത്

ഒരു വട്ടംകൂടിയീ ഭൂമിതൻ ചാരുത
നോക്കി നിന്നീടവേ ഓർത്തുപോയി
ദൈവപിതാവിന്റെ കാരുണ്യത്തിൻകരം
ഒരുക്കിയതല്ലോയീ ഭൗമഗേഹം
സൂര്യനെച്ചുറ്റും ഭൂമിയാം ഗോളവും
നിത്യം വലംവയ്ക്കും സൗരയൂഥങ്ങളും
ഓതുന്നതെന്തെന്ന് കാതോർത്തീടാം
സ്രഷ്ടാവിൻ കാരുണ്യകഥയല്ലയോ
പൊട്ടിവിടരും പ്രഭാതത്തിൻ ചിരിയും
പൊട്ടി മുളയ്ക്കും വിത്തിന്നാഹ്ലാദവും
പൊട്ടിച്ചിരിച്ചുകൊണ്ടൊഴുകും നദികളും
ദൈവത്തിൻ കാരുണ്യമല്ലോ ചൊല്ലീടുന്നു
വളരുന്ന ചെടികളും വിടരുന്ന പൂക്കളും
കൊഴിയുന്നോരിലകളും പാകമാംഫലങ്ങളും
മൊഴിയുന്നതെന്തെന്നു കാതോർത്തിടാം
കരുണാർദ്രസ്നേഹത്തിൻ കഥയൊന്നു കേട്ടിടാം
ആർത്തിരമ്പും തിരകളും തീരവും
മാനത്തുതെന്നി പാറിപ്പറക്കും മേഘങ്ങളും
വീണുചിതറും നീർത്തുള്ളിതൻ താളവും
അനുസ്മരിപ്പിക്കുന്നതും താതൻതൻ കാരുണ്യം
കൊഞ്ചിചിലയ്ക്കും കുഞ്ഞിക്കിളികളും
ചാഞ്ചാടിയോടും അണ്ണാറക്കണ്ണനും
പാറിപ്പറക്കും പക്ഷിതൻകൂട്ടവും
ഓതുന്നതെന്തേ ദൈവകാരുണ്യമല്ലേ?
ഉദയാർക്കൻ നമ്മെ തൊട്ടുണർത്തുന്നതും
കൃപയേകി നിത്യവും നമ്മെ പാലിക്കുന്നതും
നന്മകൾ വാരിച്ചൊരിഞ്ഞു നയിപ്പതും
ദൈവപിതാവിൻ കാരുണ്യമല്ലയോ
ദൈവത്തിൻ കാരുണ്യം നാമും കൊടുക്കേണം
സഹജരെ കാരുണ്യംകൊണ്ടു പൊതിയേണം
ദൈവത്തിൻ കാരുണ്യം ഏറ്റുചൊല്ലിയെന്നും
നന്ദിയോടെ വാഴാം നമുക്കൊന്നായീഭൂമിയിൽ



അന്നും പതിവുപോലെ അവൻ നിരത്തുവക്കിലിരിക്കുകയായിരുന്നു. അപ്പോഴാണൊരാരവം! അതിന്റെ പൊരുൾ തന്റെ നേരെ വരുന്നതു കണ്ട് അവൻ കുനിഞ്ഞ് നിലത്ത് എഴുതിക്കൊണ്ടിരുന്നു. ആരവമടുത്തെത്തി. വ്യഭിചാരിണിയെ കല്ലെറിഞ്ഞുകൊല്ലാൻ കൊണ്ടുവന്നതാണ്. അവനോടൊന്ന് ചോദിക്കാൻ.... വെറുതെയല്ല അവനെയും കുടുക്കാൻ. അവന്റെ മറുപടിയിൽ കുടുങ്ങിയത് അവരാണ്. നിങ്ങളിൽ പാപമില്ലാത്തവർ... അതുവരെ മാന്യരെന്ന് നടിച്ചിരുന്നവർ... താൻഭാവത്തിൽ നടന്നിരുന്നവർ. മൂടുപടം കൊണ്ട് മുഖം മറിച്ചിരുന്നവർ... പിന്നെ തിരികെ നടന്നു... വിധിക്കാനാവാതെ... അവന്റെ മൊഴി വീണ്ടും... ഞാനും വിധിക്കുന്നില്ല. മേലിൽ പാപം ചെയ്യരുത്. കരുണ തുളുമ്പുന്ന മുഖത്തുനിന്നും കാരുണ്യത്തിന്റെ മധുരസ്വരം. അവളോളം എളിമപ്പെട്ട്... അവളെ തിരിച്ചറിഞ്ഞ്... അവളോട് കരുണ കാണിച്ച ദൈവം.



# കരുണയുള്ളവർ

**ഡീക്കൻ ആൽബിൻ പാറയിൽ** O.Carm
സെന്റ് തോമസ് അപ്പ. സെമിനാരി, വടവാതൂർ





വളർന്നു വളർന്ന് നമ്മളും ഈ ഫരിസേയരെപ്പോലെ തന്നെയായി. ഞാൻ, എന്റേത് എന്ന മനോഭാവത്തിൽ എളിമയുടെയും സ്നേഹത്തിന്റെയും കരുണയുടെയും മുഖം അന്യമായി. പരസ്പരം അപരന്റെ ഇടർച്ചകളെ ചൂണ്ടിക്കാണിച്ച് കല്ലെറിയാൻ തിടുക്കം കൂട്ടി. അതിന് നിയമത്തിന്റെ സാധുതയും തേടി... താഴെയുള്ളവൻ ഒരു ചവിട്ടുപടിയുടെയോ, എന്തിന് ഒരു ചെരിപ്പിനെക്കാളും തരംതാണവരായി. ATM, ഓഹരിക്കണക്ക്, മണിമാളിക, കാറുകൾ ഇങ്ങനെ നമ്മുടെ സൗകര്യങ്ങൾ കൂടിയപ്പോൾ നമുക്കന്യമായത് എളിമയുടെ, കാരുണ്യത്തിന്റെ കണ്ണുകളാണ്. തെരുവിൽ ഒരു നേരത്തെ അന്നത്തിനായ് അടി കൂടുന്നവൻ നമുക്ക് ശത്രുവായത്, ഒരു നേരത്തെ ഭക്ഷണത്തിനിരക്കുന്നവൻ അറപ്പുളവാക്കുന്നവനായത് അങ്ങനെയാണ്. ഞങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവർ, നിങ്ങൾ വിജാതീയർ, നശിപ്പിക്കപ്പെട്ടവർ, ശാപമേറ്റവർ എന്ന ചിന്താഗതിയിലേക്ക് നാം മാറി. കരുണ വറ്റിത്തുടങ്ങിയ, എളിമ അന്യമായ ഈ ലോകത്തിന് അതിനെക്കുറിച്ച് ഒരു വിചിന്തനം നൽകാൻ, ലോകത്തിന്റെ മുഖത്ത് എളിമയുടെയും കാരുണ്യത്തിന്റെയും ചിത്രം വരച്ച വലിയ മുക്കുവൻ...

കുനിഞ്ഞിരുന്നല്ല നിവർന്നു നിന്ന് ഫ്രാൻസിസ് മാർപാപ്പാ ലോകത്തോടു പറഞ്ഞു: "സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ കരുണയുള്ളവരാകുക". വ്യത്യസ്തമായ ആശയം. അനുദിനം വികൃതമായിക്കൊണ്ടിരിക്കുന്ന ലോകത്തിന്റെ മുഖത്ത് കരുണയുടെ ചിത്രം വരയ്ക്കുന്ന ഫ്രാൻസിസ്... ചിന്തിക്ക്... പിതാവിന്റേതുപോലെ കാരുണ്യം.... ഈ പിതാവാരാണ്...എങ്ങനെയറിയും... പിതാവിനെ കാണിച്ചുതന്നത് പുത്രനാണ്. അപ്പോൾ പുത്രനെ അറിയുക....കാരുണ്യമാണവൻതൻ ഭാഷ, വേഷം, ഭൂഷണം, ഭാഷണം.... അതാണ് പിതാവ്. പിതാവിനെപ്പോലെ.... നിയമത്തിന്റെ നൂലാമാലകൾക്കപ്പുറം മനുഷ്യത്വത്തിന്റെ, കാരുണ്യത്തിന്റെ സദ്വാർത്താ വാഹകരാകണം എന്നതായിരുന്നു ആഹ്വാനം. ദൈവസ്നേഹം നിയമത്തിന്റെ കണിശതകൾക്കപ്പുറം ആണ്. അതിലേക്കു നാം വളരാനുള്ള ആഹ്വാനമായിരുന്നു അത്.

നിയമങ്ങൾകൊണ്ടും നിയമവ്യാഖ്യാനങ്ങൾകൊണ്ടും പന്താടി കളിക്കുന്നവരുടെ കാലത്ത് പലപ്പോഴും നിശ്ശബ്ദമായിപ്പോകുന്നത് മനുഷ്യന്റെ, പാവപ്പെട്ടവന്റെ നിലവിളിയാണ്. അതിനു മുകളിലാണ് കൽക്കൂമ്പാരങ്ങൾ ഉയരുന്നതും. ഈ കഠിനതയുടെ കൽക്കൂട്ടിൽ നിന്ന് പറന്നുയരാൻ മിശിഹാ കാണിച്ചുതന്ന കാരുണ്യത്തിന്റെ മുഖമാണ് ദൈവം. നിയമത്തിന്റെ അതിർത്തിരേഖയിൽവച്ച് അപരനെ വിധിക്കുന്നതോടൊപ്പം സ്വയം തുലനം ചെയ്തു നോക്കാനുള്ള ഒരാഹ്വാനമായിരുന്നു ഇത്. എന്നിട്ടും എന്നിട്ടുമെന്തേ എളിമയുടെ, കരുണയുടെ ശബ്ദത്തിനെതിരെ നാം കല്ലുയർത്തി പാരമ്പര്യബോധത്തിന്റെ ഗാഥ പാടി ഗർജിക്കുന്നു. പണ്ടൊരു തച്ചൻ കാണിച്ച കരുണയാണ് തന്റെ ജീവനാധാരം എന്ന തിരിച്ചറിവിൽ നെഞ്ചു പൊള്ളിയാവണം അവൻ കാരുണ്യത്തിന്റെ മുഖത്തിലേക്കെത്തിയത്. അതാണവനെ കാരുണ്യവാനാക്കിയത്.

ഇതുവരെയും നാം കരുണയാവശ്യമുള്ളവരെ മുൻനിറുത്തി വിധിക്കുകയായിരുന്നു. "നിങ്ങളിൽ കാരുണ്യമില്ലാത്തവർ..." കഴിഞ്ഞ ഒരു വർഷക്കാലം നാം വിചിന്തനത്തിലായിരുന്നു... എന്നിലെ കാരുണ്യത്തിന്റെ തോത്? ആ അളവുകോലിന്റെ മുൻപിൽ പരാജിതനായി... തിരിഞ്ഞുനോക്കുമ്പോൾ പുറകിൽ ആരുമില്ല. വെറും അഹങ്കാരത്തിന്റെ കൽക്കൂമ്പാരം മാത്രം. ഇനി പതുക്കെ തിരിച്ചുനടക്കാം... കരുണയിലേക്ക്....

ലോകത്തിന്റെ മുഖത്തുനോക്കി ഫ്രാൻസിസ് വീണ്ടും ചോദിക്കുന്നു: "നിങ്ങളിൽ കരുണ ലഭിക്കാത്തവർ..." കരുണ നൽകു

ന്നവരാകുക. അന്യന്റെ വയലിലെ കതിർമണികൾ പറിച്ചുതിന്നവർക്ക് കാരുണ്യം നൽകിയവൻ... അവസാനനിമിഷം പോലും തന്നോട് ചോദിച്ച കള്ളന് പാപമോചനവും പറുദീസായും നൽകിയവൻ... അവനെ – മിശിഹായെ ആശ്രയിക്കാൻ മറക്കരുത്. ആത്മീയതയുടെ അഹങ്കാരത്തിൽ, മനുഷ്യസ്പർശമോ മനുഷ്യത്വമോ ഇല്ലാത്ത ആത്മീയാഹങ്കാരത്തിന്റെ കൊടുമുടിയിൽ നിന്ന് താഴെയിറങ്ങാനുള്ള ആഹ്വാനമാണ്. ശീലിച്ചുപോയ മതശാഠ്യങ്ങൾക്കപ്പുറത്തേക്ക് ഒരു ചുവടുകൂടി വയ്ക്കാൻ നമുക്കാവണം. അപ്പോഴേ കാരുണ്യത്തിന്റെ മുഖത്തോടുകൂടെ അടുത്തുവരുന്നവരോട് "സമാധാനത്തോടെ പൊയ്ക്കൊള്ളുക" എന്നു പറയാനാവൂ. ഇവിടെയേ കരുണയുടെ മുഖം വിരിയൂ.

അങ്ങനെ അതും കഴിഞ്ഞു... കരുണയുടെ വർഷം എന്തോരാഘോഷമായിരുന്നു. റാലികളും കോലാഹലങ്ങളും... പക്ഷേ മറന്നത് കരുണ നൽകാനാണ്. ക്ലാസ്സുകളും വിജ്ഞാനപ്രദമായ കാര്യങ്ങളും... അറിവിന്റെ മേഖല സമ്പന്നമായി... പക്ഷേ പ്രവർത്തനത്തിന്റെ മേഖലയോ... പ്രായോഗിക പരിശീലനമാണിന്നാവശ്യം. കരുണ നഷ്ടപ്പെട്ട ലോകത്തിൽ കരുണയുടെ പഠനതലത്തെക്കാൾ പ്രവൃത്തി പരിചയമാണ് കടന്നുപോയത്. പക്ഷേ പലപ്പോഴും പരിചയം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കുറെ പുസ്തകങ്ങളും ആശയങ്ങളും. പക്ഷേ പ്രവൃത്തിയിലെത്തിയതോ വളരെ കുറച്ചും... പുസ്തകങ്ങളും ആശയങ്ങളും അനുഭവങ്ങളും ധാരാളം നിരത്തി അറിവിന്റെ തലത്തെ ശോഭനമാക്കി നമ്മൾ... എന്നാൽ പ്രവൃത്തിയിലെത്തിയതോ. Mercyful like Father. പിതാവിനെപ്പോലെ കരുണയുള്ളവനായിരിക്കുക... ഇവിടെ പിതാവാരാണെന്ന് പ്രവർത്തനത്തിലൂടെ മനസ്സിലാക്കാനാവുന്നില്ല. എളിമ നശിച്ച ലോകത്ത് കാരുണ്യം എങ്ങനെ വിരിയാൻ?

അപരനോളം ചെറുതായെങ്കിലേ തോളിൽ കൈയിട്ട് നടക്കാനാവൂ. പക്ഷേ ഇത്രയൊക്കെ ആയിട്ടും പറഞ്ഞിട്ടും ഞാൻ എങ്ങനെ താഴും, അതിനായെങ്കിൽ കരുണയുടെ വർഷത്തിന്റെ ലക്ഷ്യം കണ്ടു എന്നു പറയാനാവും. ഇതിന് തരിച്ചറിവാവശ്യമാണ്. ആ തിരിച്ചറിവിലാണ് പലതും സംഭവിച്ചത്. ഞാനും അപരനും ദൈവത്തിന്റെ മക്കളാണ് എന്ന തിരിച്ചറിവ്... തിരിച്ചറിവിൽ സഹോദരന്റെ കാവൽക്കാരനാവേണ്ടവരാണ് നമ്മൾ. ഇങ്ങനെ കന്യാലയത്തിന്റെ ഔന്നത്യത്തിൽ നിന്ന് താഴേയ്ക്ക് തെരുവിന്റെ മുഖത്തേയ്ക്കിറങ്ങിയപ്പോഴാണ്, സഹോദരനിൽ ദൈവത്തെ കണ്ടപ്പോഴാണ് നമുക്കൊരു കനിവിന്റെ മാലാഖയെ കിട്ടിയത്. കുതിരപ്പുറത്തുന്നിന്ന് ചാടിയിറങ്ങി കുഷ്ഠരോഗിയുടെ ചുമലിൽ അമർന്നപ്പോഴാണ്, ആ വ്രണങ്ങളിൽ ചുണ്ടുചേർത്തപ്പോഴാണ് ദാരിദ്ര്യത്തിന്റെ മണവാളനായ ഫ്രാൻസിസ് മിശിഹായെ കണ്ടെത്തിയത്. അതുപോലെ നമ്മുടേതായ അഹന്തകളുടെയും ആഡംബര ധൂർത്തിന്റെയും (അത് പണമായാലും, അധികാരമായാലും) ലോകത്തുനിന്ന് താഴാനായെങ്കിൽ മാത്രമേ താഴെയുള്ളവന്റെ സങ്കടങ്ങൾ അറിയാനും അവന് കരുണയുടെ വക്താവാകാനും കഴിയൂ...

അപ്പോൾ അതാണ് കാര്യം... സഹോദരനിൽ ഈശോയെ കണ്ടെത്തുക. പിന്നെ അവനോളം താഴാനേ നിനക്കാവൂ... ഈ ഒരു കരുണയുടെ വർഷം കഴിയുമ്പോൾ എങ്കിലും അപരനിൽ ഈശോയെ കാണുവാനും കരുണ വേണ്ടവർക്ക് സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ കരുണയുള്ളവരാകുവാനും നമുക്കു കഴിയണം. എളിമയും കരുണയും ആശയമല്ല മറിച്ച് മിശിഹായുടേതുപോലെ പ്രവർത്തനമാവട്ടെ... നിങ്ങളിൽ കരുണയില്ലാത്തവർ... വേണ്ട നിങ്ങളിൽ കരുണയുള്ളവർ.... ഞാനും നിങ്ങളെ വിധിക്കുന്നില്ല. സമാധാനത്തോടെ പോവുക..





## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിന്റെ പൂജ്യാവശിഷ്ടം മഡോണ ദേയി മോന്തി ദൈവാലയത്തിൽ



മാക്സിമലിസം ഫാമിലിയുടെ സ്ഥാപകനായ ദൈവദാസൻ വില്യം ജക്വീൻതാ പിതാവിന്റെ പൂജ്യാവശിഷ്ടം റോമിലെ കാമ്പോ വെറാനോ സെമിത്തേരിയിൽനിന്ന്, റോമിന്റെ ഹൃദയഭാഗത്ത് കൊളോസിയത്തിനടുത്തുള്ള മഡോണ ദേയി മോന്തി (Madonna dei Monti) ദൈവാലയത്തിൽ പുനഃപ്രതിഷ്ഠിക്കാനുള്ള അവസരം ലഭിച്ചു. അതനുസരിച്ച് 2016 ഒക്ടോബർ 31-ാം തീയതി മഡോണ ദേയി മോന്തി ദൈവാലയത്തിൽ, തിരുപ്പിറവിയുടെ അൾത്താരയുടെ താഴെ പിതാക്കന്മാരുടെയും വൈദികരുടെയും മാക്സിമലിസം ഫാമിലിയിലെ മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും അവയുടെ പ്രേഷിതപ്രസ്ഥാനങ്ങളുടെ അംഗങ്ങളുടെയും സാന്നിദ്ധ്യത്തിൽ പുനഃപ്രതിഷ്ഠ നടന്നു. അമേരിക്ക, ഇന്ത്യ, ബെൽജിയം, ലാത്വിയ, മാൾട്ട തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ ഇതിൽ സംബന്ധിച്ചു. വില്യം ജക്വീൻതാപിതാവ് ആദ്യമായി പൗരോഹിത്യശുശ്രൂഷ ചെയ്ത ദൈവാലയമാണിത്. 1994 ജൂൺ 15-ാം തീയതിയാണ് പിതാവ് ഇഹലോകവാസം വെടിഞ്ഞത്. മാക്സിമലിസം കുടുംബത്തിന് ഇതൊരു ചരിത്രനിമിഷമായിരുന്നു.



**കൂട്ടുകാരേ, നിങ്ങളെ വീണ്ടും കണ്ടുമുട്ടിയതിൽ സന്തോഷമുണ്ട്. ഈ മംഗളവാർത്തക്കാലം മുതൽ പള്ളിക്കൂദാശാക്കാലം വരെ കൂട്ടുകാർക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത് പ്രതീക്ഷയുടെ പൂമൊട്ടുകളിലെ അതാതു ലക്കത്തിലെ ലേഖനങ്ങളിൽനിന്നുമാണ്. ലേഖനങ്ങൾ ആദ്യന്തം വായിച്ച് ഉത്തരങ്ങൾ കണ്ടെത്തണെ.**

1. പരി. കന്യകാമറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ച വർഷം?
2. ഈശോ തിരുപ്പിറവി മാലാഖമാർ ആദ്യമായി അറിയിച്ചത് ആരെയാണ്?
3. സഭ ജന്മംകൊണ്ടത് ........................ കുടുംബമായിട്ടാണ്.
4. ഏതു വർഷമാണ് മൈലാപ്പൂരിലെ അത്ഭുത സ്ലീവാ ആദ്യമായി രക്തം വിയർത്തത്?
5. "ബേത്‌ലഹേമിലെ ചെറിയ പുൽക്കൂട്ടിൽ നടന്നതുപോലുള്ള അത്ര വലിയ ഒരത്ഭുതം ലോകത്തിൽ മറ്റൊരിടത്തും നടന്നിട്ടില്ല. ഇവിടെ ദൈവവും മനുഷ്യനും ഒന്നായിത്തീർന്നു". ഇത് ആരുടെ വാക്കുകളാണ്?
6. "മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കിക്കളയാൻ കർത്താവ് എന്നെ കടാക്ഷിച്ച് എനിക്ക് ഇതു ചെയ്തു തിരിക്കുന്നു". ഏത് സുവിശേഷ ഉദ്ധരണിയാണിത്?
7. എന്നാണ് ദൈവദാസൻ വില്യം ജക്വീൻതാ പിതാവ് ഇഹലോകവാസം വെടിഞ്ഞത്?
8. 'ഈശോ' എന്ന പേരിന്റെ അർത്ഥം.

**ഉത്തരങ്ങൾ**

1.

2.

3.

4.

5.

6.

7.

8.

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018







9

# കുഞ്ഞാറ്റയുടെ കുമ്പസാരം

"ആറാമത്തെ കല്പന ഏതാ കുഞ്ഞാറ്റേ?"

"വ്യഭിചാരം ചെയ്യരുത്".

'ചീത്ത ആസക്തിയോടെ, ആഗ്രഹത്തോടെ ഒരുവളെ, ഒരുവനെ നോക്കുന്നയാൾ ഹൃദയത്തിൽ അവരുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു' (മത്താ 5:28) എന്ന് തിരുവചനം പഠിപ്പിക്കുന്നു. മറ്റുള്ളവരുടെ ഇടർച്ചയ്ക്കു കാരണമാകുന്നവന്റെ കഴുത്തിൽ തിരികല്ലുകെട്ടി കടലിന്റെ ആഴത്തിൽ എറിയപ്പെടണം എന്നും തിരുവചനം പഠിപ്പിക്കുന്നു. ചില ഉടുപ്പുകൾ ഇടരുതെന്ന് കുഞ്ഞാറ്റയോടു പറയാറില്ലേ. കൈയില്ലാത്ത വസ്ത്രങ്ങളും ഇറുകിയ വസ്ത്രങ്ങളും ഇറക്കമില്ലാത്തതും ഒക്കെ ധരിക്കുന്നതിലൂടെ മറ്റുള്ളവർക്ക് ഇടർച്ചയുണ്ടാക്കുകയാണ്. അങ്ങനെ അശുദ്ധ വിചാരങ്ങൾ മറ്റുള്ളവരിലുണ്ടാക്കാനിടയാക്കുന്നതിലൂടെ നമ്മൾ പാപം ചെയ്യുകയാണ്. ഒപ്പം അവർക്കു പാപകാരണമായിതീരുകയും ചെയ്യും. അതുകൊണ്ടാ ചില വസ്ത്രങ്ങൾ മോൾക്ക് ഇഷ്ടപ്പെട്ടാലും ഡാഡിയും മമ്മിയും വാങ്ങിച്ചുതരാത്തത്, കേട്ടോ.

പത്രത്തിലും ടി.വി. യിലുമൊക്കെ കണ്ടതോർക്കുന്നില്ലേ കുഞ്ഞാറ്റേ, പെൺകുട്ടികളെ ആക്രമിച്ചു കൊല്ലുന്നത്. ഇങ്ങനെയുള്ള തിന്മകളൊക്കെ ചെയ്യാൻ പ്രേരിപ്പിക്കുന്നത് മദ്യവും മയക്കുമരുന്നും ചീത്തകൂട്ടുകെട്ടുമൊക്കെയാ. മോളോടു പറയാറില്ലേ ടി.വി. കാണുമ്പോൾ കൂടുതലും നമ്മെ ദൈവത്തോടടുപ്പിക്കുന്നതും വിജ്ഞാനം നല്കുന്നതുമായതൊക്കെ കണ്ടാൽ മതിയെന്ന്. ചീത്ത കാർട്ടൂണുകളൊക്കെ കാണുന്നതിലൂടെയും കണ്ണുകൾക്ക് ഇമ്പം പകരുന്ന പ്രോഗ്രാമുകളിലൂടെയുമെല്ലാം തിന്മ നമ്മുടെ ഉള്ളിൽ കടന്ന് ശരീരത്തിലും മനസിലും തെറ്റായ കാര്യങ്ങൾ ചെയ്യാൻ പ്രേരണയാവും. പിന്നെ അനുസരിക്കാനും സ്നേഹിക്കാനും ബഹുമാനിക്കാനും തോന്നാതെയാകും. എനിക്കെല്ലാം അറിയാമെന്ന അഹംഭാവം നമ്മിലുണ്ടാവും. തിന്മകളോരോന്നും ചെയ്യാനും പറയാനും സാത്താൻ നമ്മെ പ്രലോഭിപ്പിച്ചുകൊണ്ടിരിക്കും. കുഞ്ഞുപ്രായത്തിലേ മൊബൈലും കമ്പ്യൂട്ടറുമൊക്കെ വേണമെന്നുള്ള പിടിവാശി സാത്താന്റെ പണിയാ.

**ഷീജാ കാലായിൽ**



# MANE NOBISCUM DOMINE


**Dr. Rengith Chakkummoottil**
**St. Ephrem's Theological College, Satna**

John Ortberg in his book *God is Closer Than You Think*, shares an experience. A priest was once travelling on board a place. A young smart businessman sat beside him, with a laptop switched on. The desktop background of the laptop was the picture of a sweet little girl. The priest got to know that was his daughter, his only child. The businessman went on to talk about his daughter, with great excitement. He talked about her first steps, about her first words. He showed him more pictures from the computer and mobile phone, giving commentary to each one. The priest was getting bored. Actually, he had no much interest in seeing them; some pictures were quite ordinary. "I can't wait to get home to her", the man said. "In the meantime, I would look at these pictures many times a day. They never get old to me". The priest was getting tired actually. "Why was this man so preoccupied with this girl?", the priest thought to himself. The man was so excited about the child because he looked at her through the eyes of a father. Everything the girl did was seen with wonder and joy. "You obviously miss your daughter", the priest said, "How long ago did you leave home?" To his wonder the man replied, "Yesterday"! For a father, he finds it painful to be separated from his daughter even for a day!

This is God's desire: He wants to be always with us, never separated from us. There are different names given to Jesus in the Bible. Each one gives us a clearer and fuller picture of who He is and what He means to us. His name *Jesus* means 'God saves'! He is God's salvation for us. He is the *Messiah*, the *Christ*, meaning 'Anointed One'; He is our King and Lord. Another name given is 'Immanuel', meaning, God is with us. When God created Adam and Eve, He was with them in the Garden of Eden. He walked with them and communed with them, until one day Adam and Eve hid themselves from Him. God did not hide from Adam and Eve; they first hid from God, because they felt guilty. They disobeyed and sinned against God. God was the One calling out to Adam and Eve, "Where are you?" (Gen 3:9). The message of the Bible is the desire of God to be with man. Moses tells the people, "If …you seek the Lord your God, you will find him if you look for Him with all your heart and with all your soul" (Deut 4:29).

The business man, whom I mentioned above, wanted to get home fast, to be with his daughter. He did not want to love his daughter from a distance. He wanted to be with her. This is the father's heart. This is also our heavenly Father's heart for you and me. God says, "I am with you". This is God's most frequent promise in the Bible. He was with Adam and Eve in the Garden. "Enoch walked with God" (Gen 5:22). God made the same promise to Noah, to Abraham and Sarah, to Jacob, Joseph, Moses, David, to Mary, the disciples, Paul, and the list goes on. When God asked Moses to go back to Egypt and free His people, Moses was hesitant but the Lord said, "I will be with you". God was there with him. When they entered the desert, the Bible says in Exo 13:21-22: "By day the Lord went ahead of them in a pillar of cloud to guide them on their way and by night in a pillar of fire to give them light, so that they could travel by day or night. Neither the pillar of cloud by day nor the pillar of fire by night left its place in front of the people". When Joshua took over the leadership, he was younger and inexperienced but the Lord said, "Have I not commanded you? Be strong and courageous. Do not be terrified; do not be discouraged, for the Lord your God will be with you wherever you go" (Josh 1:9). Jesus' last words with His disciples, after giving them the great commission, were: "I am with you always to the very end of the age" (Mat 28:20). This is God's promise to us even today.


The liturgical year of the Syro-Malabar Church begins with the period of Annunciation. This season is a time of preparation to the feast of the Nativity of Jesus, celebrated on 25th December. The salvific acts of God which found fulfilment in Jesus Christ begin with the birth of Jesus - God with us in person. As St. John says, God so loved the world that he gave his one and only Son (Jn 3:16). "Look! God's dwelling place is now among the people, and he will dwell with them. They will be his people and God himself will be with them and be their God" (Rev 21:3).




God is Immanuel: It means, He is with us all the time; we can never be alone; and wherever we are, He is there with us. God is very determined to stay with us, and be our companion in life. But the question is, whether are we willing to let Him stay with us or whether we recognize his presence with us. God respects us and He will not force Himself into our life. But, God is closer than we think. He is never farther than a prayer, a humble gaze away. The only thing we need to do is to invite Him and let Him stay with us. The story of the disciples of Emmaus, who fled from Jerusalem and came across the Risen Jesus on their way, is relevant here. They were much disappointed and frustrated, and could not recognize Jesus, who was with them. As they were near their home, the 'stranger' seemed to be passing on. They invited Him to stay with them. Jesus stayed with them and they recognized Him at the breaking of the bread. It was only because of their souls' deepest prayer, "*Mane Nobiscum Domine*" - "Stay with us O' Lord", they could have a deeper experience of the presence of the Risen Christ in their life. Let this be our prayer too in this season of Annunciation and Nativity, *Mane Nobiscum Domine*!







# ദൈവം കൂടെയുണ്ട്

**നിക്സ മങ്ങാട്ട്**

ബിജോ എന്നാണ് ആ സാധുമനുഷ്യന്റെ പേര്. അബ്രാഹമിനെപ്പോലെ, മോശയെപ്പോലെ ദൈവിക ഇടപെടലുകൾക്കു മുമ്പിൽ കണ്ണുമടച്ച് കരം നീട്ടിയവൻ. "കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും. നിങ്ങൾ ശാന്തരായിരുന്നാൽ മതി" (പുറ 14,14) എന്ന വചനത്തിൽ അന്ധമായി വിശ്വസിച്ച്, യുദ്ധകാഹളം കേൾക്കുമ്പോഴും ധ്യാനിയായിരിക്കുന്ന മുനിയെപ്പോലെ ഏതു കലുഷിത പ്രശ്നങ്ങളുടെയും മുമ്പിൽ ശാന്തമായി മിഴിപൂട്ടാൻ കഴിവുള്ള മനുഷ്യൻ...

രണ്ടു മക്കളടങ്ങുന്ന, ദൈവകൃപയാൽ സമൃദ്ധിനിറഞ്ഞ കുടുംബം. ഭൗതികസമൃദ്ധി മാത്രമല്ല ആത്മീയതയിലും നിറവുള്ള കുടുംബം...

ഒരു യാത്രയ്ക്കിടയിലാണ് മരണത്തെ അഭിമുഖീകരിക്കേണ്ടിവന്നത്... മതവൈരത്തിന്റെ അലയടികൾ ആ നാടിനെയൊന്നാകെ വിറകൊള്ളിച്ചിരിക്കുന്ന സമയത്താണ് അപ്രതീക്ഷിതമെന്നോണം ബിജോയ്ക്കും കുടുംബത്തിനും ആ വഴി പിന്നിടേണ്ടിവന്നത്... റോഡിന്റെ ഇരുവശവും പോലീസും സന്നാഹങ്ങളും.. മതവൈരികൾ... കൈയിൽ വടിവാളും മാരകായുധങ്ങളുമായി തലങ്ങും വിലങ്ങും.... പള്ളികൾ ആക്രമിക്കുന്നു. ക്രിസ്ത്യാനികളെന്നു കരുതുന്നവരെ യാതൊരു ദാക്ഷിണ്യവുമില്ലാതെ മുറിപ്പെടുത്തുന്നു. വെട്ടിക്കൊലപ്പെടുത്തുന്നു. ടാക്സി ഡ്രൈവർ ബിജോയോടും കുടുംബത്തോടും പറഞ്ഞു: "നെറ്റിയിൽ കുറി തൊടുക, കൊന്തയുംമറ്റും ഊരിമാറ്റുക, ചോദിച്ചാൽ പേരും മാറ്റിപ്പറയുക". ചുരുക്കത്തിൽ ക്രൈസ്തവനാണെന്നുള്ളത് മറച്ചുവയ്ക്കുക, വ്യക്തമായി പറഞ്ഞാൽ ജീവനുവേണ്ടി ഈശോയെ തള്ളിപ്പറയുക, തള്ളിക്കളയുക....

ഭാര്യയോടും മക്കളോടും ധൈര്യത്തോടെ ബിജോ പറഞ്ഞു: "ജീവിക്കുകയാണെങ്കിലും മരിക്കുകയാണെങ്കിലും അത് ഈശോയ്ക്കുവേണ്ടി... സധൈര്യം മരിക്കാനൊരുങ്ങിക്കൊള്ളുക... എത്രയും ദയയുള്ള മാതാവേ ചൊല്ലി ... ഒരുങ്ങുക മരണത്തിനായി...".

മക്കബായരുടെ പുസ്തകത്തിലെ അമ്മ മക്കളെ ധൈര്യപ്പെടുത്തിയതുപോലെ ഈ അപ്പനും മക്കളെ ധൈര്യപ്പെടുത്തി. "...നിങ്ങളെങ്ങനെ എന്റെ ഉള്ളിൽ രൂപംകൊണ്ടുവെന്ന് എനിക്ക് അറിവില്ല. നിങ്ങൾക്കു ജീവനും ശ്വാസവും നല്കിയതും നിങ്ങളുടെ അവയവങ്ങൾ വാർത്തെടുത്തതും ഞാനല്ല. മനുഷ്യനെ ഉരുവാക്കുകയും എല്ലാറ്റിന്റെയും ആരംഭം ഒരുക്കുകയും ചെയ്ത ലോകസ്രഷ്ടാവ്, തന്റെ നിയമത്തെപ്രതി നിങ്ങൾ നിങ്ങളെത്തന്നെ വിസ്മരിക്കുന്നതിനാൽ, കരുണാപൂർവം നിങ്ങൾക്കു ജീവനും ശ്വാസവും വീണ്ടും നല്കും" (2 മക്ക 7,22-23). ജോബി പറയുന്നതിങ്ങനെയാണ് - പരി. അമ്മയാണ് എന്റെ ഹൃദയത്തെ ശക്തിപ്പെടുത്തി ജ്വലിപ്പിച്ചത്.

മംഗലവാർത്തക്കാലം ആഗതമാകുമ്പോൾ ഈ അമ്മയെ നമുക്ക് മറക്കാനാവില്ല - ജീവിക്കുകയാണെങ്കിലും മരിക്കുകയാണെങ്കിലും ലോകരക്ഷകനായ ഈശോയ്ക്കുവേണ്ടി എന്ന് ജീവിതംകൊണ്ടേറ്റു പാടിയ പരി. അമ്മ... ദൈവേഷ്ടത്തിനു സമ്മതം മൂളിയതിലൂടെ ലോകത്തിനു ദൈവപുത്രനെ നല്കിയ അമ്മ.... മരണകരമാണ് താൻ ഏറ്റെടുക്കുന്ന വിളിയെന്ന് പരി. അമ്മയ്ക്ക് വ്യക്തം.... യഹൂദ പാരമ്പര്യത്തിൽ ജീവിച്ചുവളർന്ന അമ്മയ്ക്ക് "ഇതാ കർത്താവിന്റെ ദാസി" എന്ന് പറയുമ്പോൾ ലഭിക്കാൻ പോകുന്ന ഫലം സുഗ്രാഹ്യമാണ്. അബ്രാഹം ഇസഹാക്കിനെയും കൊണ്ട് മലമുകളിലേക്ക് പോകുമ്പോൾ അബ്രാഹത്തിന് തന്റെ ദൈവത്തിൽ തെല്ലും സംശയമില്ല.. കാരണം "ദൈവം തരും" എന്ന ഉറപ്പ്... ഈ ഉറപ്പാണ് പരി. അമ്മയിലും... താൻ ഏറ്റെടുക്കുന്ന വിളിയിൽ സഹനത്തിന്റെ ഖനനം നടക്കുമെങ്കിലും "ദൈവം കൂടെ"യുണ്ടെന്ന ഉറപ്പ്...

ശക്തമായ ഈ ഉറപ്പ് തന്നെയാണ് ബിജോയെയും കുടുംബത്തെയും ഇപ്പോഴും വഴിനടത്തുക...സഹനത്തിന്റെ സ്നാന നിമിഷങ്ങളിലൊക്കെ ദൈവം നടത്തുമെന്ന ഉറപ്പ്... പ്രിയ വായനക്കാരാ, ജീവിതം ഇരുളാൽ മൂടപ്പെടുമ്പോഴും സഹന, നൊമ്പര വേലിയേറ്റങ്ങളുണ്ടാകുമ്പോഴും പിടിവിട്ടുപോകുന്നു എന്നു വിചാരിക്കുമ്പോഴും നമുക്കും വിശ്വസിക്കാം, ധൈര്യപ്പെടാം.. "ദൈവം കൂടെ" യുണ്ടെന്ന്...

"ഇതാ എന്റെ ഒരു ദൂതനെ നിനക്കു മുമ്പേ ഞാൻ അയയ്ക്കുന്നു. അവൻ നിന്റെ വഴിയിൽ നിന്നെ കാത്തുകൊള്ളും" (പുറ 23,20).

**"ചെറുതാകാൻ കഴിയത്തക്കവിധം അത്ര വലിയവനാണ് ദൈവം. തന്നെത്തന്നെ ദുർബലനാക്കാനും നമുക്ക് അവിടുത്തെ സ്നേഹിക്കാൻ സാധിക്കുന്നതിനുംവേണ്ടി സംരക്ഷണമാർഗമില്ലാത്ത ശിശുവായി നമ്മിലേക്കു വരാനും കഴിയത്തക്കവിധം ദൈവം അത്രമാത്രം ശക്തനാണ്" (ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ).**






നിങ്ങളുടെ ദൈവശാസ്ത്രപരവും ബൈബിൾപരവുമായ സംശയങ്ങൾക്ക് പ്രശസ്ത ദൈവശാസ്ത്രജ്ഞനും ബൈബിൾ പണ്ഡിതനുമായ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ ഉത്തരം നല്കുന്നു.
ചോദ്യങ്ങൾ അയയ്ക്കേണ്ട വിലാസം: **എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം-686 018**

# സഭയും വിശുദ്ധരും

*ഒരു വ്യക്തി വിശുദ്ധനാണോ അല്ലെയോ എന്ന് പൂർണമായും അറിയുന്നത് ദൈവം മാത്രമല്ലേ? സഭയുടെ വിശുദ്ധപദപ്രഖ്യാപനങ്ങൾക്ക് എത്രമാത്രം ആധികാരികതയുണ്ട്?* **പി.ജെ.**

സഭ മനുഷ്യരുടെ സമൂഹമാണെങ്കിലും മനുഷ്യരാൽ സ്ഥാപിക്കപ്പെട്ടതോ മനുഷ്യരാൽ നയിക്കപ്പെടുന്നതോ അല്ല; ദൈവത്താൽ സ്ഥാപിക്കപ്പെട്ടതും ദൈവത്താൽ നയിക്കപ്പെടുന്നതുമാണ്. ദൈവമാണ് ഒരു വ്യക്തി വിശുദ്ധനോ വിശുദ്ധയോ എന്നു തീരുമാനിക്കുന്നത്. അത് സഭയിലൂടെയാണ് അവിടുന്നു പ്രഖ്യാപിക്കുന്നത്. കാരണം ഇന്നു പ്രകടമായ വിധത്തിൽ ദൈവം പ്രവർത്തിക്കുന്നത് സഭയിലൂടെയാണ്. സഭാസ്ഥാപനത്തെക്കുറിച്ചുള്ള ഈശോയുടെ പ്രസ്താവനതന്നെ ഇതു വ്യക്തമാക്കുന്നുണ്ട്: "...ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. ...നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്താ 16,18-19). സഭ പിറന്നത് പന്തക്കുസ്തായിലാണല്ലോ. പന്തക്കുസ്താദിനം ശ്ലീഹന്മാരുടെ കൂട്ടായ്മയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന സമൂഹത്തിലേക്കാണ് ദൈവാരൂപി എഴുന്നള്ളി വന്നത് (നട 2,1-4). ദൈവത്തിന്റെ അരൂപിയാലാണ് സഭ രൂപം കൊണ്ടതും നൂറ്റാണ്ടുകളായി നയിക്കപ്പെടുന്നതും. ഉത്ഥാനം ചെയ്ത ഈശോ ഇന്ന് ജീവിക്കുന്നതും പ്രവർത്തിക്കുന്നതും സഭയിലാണ്. ഉത്ഥാനം ചെയ്ത ഈശോ ശിഷ്യരുടെമേൽ നിശ്വസിച്ചുകൊണ്ട് ഇപ്രകാരം അരുൾചെയ്തു: "... പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ... നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ 20,22). പൗലോസ്ശ്ലീഹാ സഭയെ മിശിഹായുടെ ശരീരമെന്നാണു വിശേഷിപ്പിക്കുന്നത്: "നിങ്ങൾ മിശിഹായുടെ ശരീരവും ഓരോരുത്തരും അവയിലെ അംഗങ്ങളുമാണ്" (1 കൊറി 12,27). സഭ വെറുമൊരു മാനുഷികസംവിധാനമല്ല എന്ന് ഈ വചനഭാഗങ്ങളെല്ലാം വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ സഭയ്ക്ക് ദൈവികമായ ആധികാരികതയുണ്ട് എന്നതിൽ സംശയിക്കേണ്ടതില്ല.

പരിശുദ്ധനായ മിശിഹായുടെ ശരീരമായതിനാൽ സഭ പരിശുദ്ധയാണ്. പരിശുദ്ധമായ സഭയിലെ അംഗങ്ങൾ എല്ലാവരും വിശുദ്ധരാണ്; വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണ്. എല്ലാവരും വിശുദ്ധരായി ജീവിക്കുന്നില്ല എന്നത് വാസ്തവമാണ്. എന്നാൽ ദൈവം കൊടുക്കുന്ന കൃപാവരത്തിന് വീരോചിതമായി പ്രത്യുത്തരം നല്കി ജീവിക്കുന്നവരാണ് വിശുദ്ധർ. മറ്റുള്ളവർക്കു മാതൃകയാകേണ്ടതിന് ദൈവം നിശ്ചയിക്കുന്ന അവരിൽ ചിലരെ മാത്രമാണ് വിശുദ്ധരായി പ്രഖ്യാപിക്കുന്നത്. വിശുദ്ധപദപ്രഖ്യാപനത്തിന് ചില മാനദണ്ഡങ്ങൾ സഭ നിശ്ചയിച്ചിട്ടുള്ളത് സഭ മനുഷ്യരുടെ സമൂഹമായതുകൊണ്ടാണ്. വിശുദ്ധരുടെ വീരോചിതമായ സുകൃതജീവിതവും അവരുടെ മദ്ധ്യസ്ഥതയിൽ ദൈവം പ്രവർത്തിക്കുന്ന അത്ഭുതങ്ങളും കണക്കിലെടുത്തുകൊണ്ടാണ് സഭ അവരെ വിശുദ്ധരായി പ്രഖ്യാപിക്കുന്നത്.



# അവർണ്ണനീയമീ സ്നേഹം

**വത്സമ്മ മുളവന**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

മംഗളവാർത്താക്കാലത്തിലൂടെ പുതിയൊരു ആരാധനാവത്സരത്തിലേക്കു നാം കടന്നിരിക്കുന്നു. പാപത്തിന്റെ അടിമയായ മനുഷ്യകുലത്തെ രക്ഷിക്കാൻ – നഷ്ടപ്പെട്ട ദൈവിക ജീവൻ അവനു വീണ്ടും നൽകാൻ, അവന്റെ മുമ്പിൽ അടയ്ക്കപ്പെട്ട പറുദീസായുടെ വാതിൽ അവനു തുറന്നു കൊടുക്കുവാനായി ദൈവം തന്റെ സ്വർഗീയ മഹത്ത്വം വെടിഞ്ഞ് മനുഷ്യനെ തേടിവന്ന അവിടുത്തെ രക്ഷാകര സ്നേഹത്തിന്റെ-മനുഷ്യാവതാരത്തിന്റെ കഥ സ്മരിക്കുകയാണ് ഈ കാലത്തിലൂടെ.

ഈ പ്രപഞ്ചത്തിന്റെ മുഴുവന്റെയും സ്രഷ്ടാവായ ദൈവം അവിടുന്നു സൃഷ്ടിച്ചതെല്ലാം നല്ലതാണെന്നു മനസ്സിലാക്കി. ഈ സൃഷ്ടവസ്തുക്കളെയെല്ലാം അടക്കിഭരിക്കുന്നതിനും, അതിനെ ആസ്വദിക്കുന്നതിനും സ്രഷ്ടാവിന്റെ അനന്ത സ്നേഹത്തിന് പ്രതിസ്നേഹം നൽകുന്നതിനും കഴിവുള്ള മനുഷ്യനെ അവിടുന്നു സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു (ഉല്പ 1,27). സൗഭാഗ്യത്തിന്റെ പര്യായമായ പറുദീസായിൽ അവനെ പാർപ്പിച്ചു. ഏകനായിരിക്കുന്നതു നല്ലതല്ല





എന്നു കണ്ട ദൈവം അവന് ഒരു സഖിയെ നൽകി. അവരെ താൻ സൃഷ്ടിച്ചവയുടെയെല്ലാം അധിപരാക്കി. എന്നാൽ സാത്താന്റെ പ്രലോഭനങ്ങൾക്കു വഴങ്ങി, ദൈവത്തെപ്പോലെ ആകാമെന്നുള്ള വ്യാമോഹത്താൽ, ദൈവം നൽകിയ പാവനനിയമം ലംഘിച്ച് പാപം ചെയ്ത മനുഷ്യന് പറുദീസാ നഷ്ടമാകുന്നു. അങ്ങനെ മാനവവംശം പാപത്തിന് അടിമയാകുന്നു. എന്നാൽ പാപംമൂലം തന്നിൽ നിന്ന് അകന്നുപോയ മനുഷ്യനെ രക്ഷിക്കുവാൻ – അറ്റുപോയ ദൈവമനുഷ്യബന്ധത്തെ പുനഃസ്ഥാപിക്കുവാൻ ദൈവം തന്റെ ഏകജാതനെത്തന്നെ നൽകുവാൻ തിരുമനസ്സായി.

പാപത്താൽ ദൈവത്തിന്റെ സ്നേഹവലയത്തിൽനിന്നും പുറത്തായ മനുഷ്യകുലത്തെ വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനിലൂടെ വീണ്ടെടുക്കാൻ ഒരു മനുഷ്യസ്ത്രീയുടെ സഹകരണം ആവശ്യമായിരുന്നു. എളിമയുടെയും വിനയത്തിന്റെയും അനുസരണത്തിന്റെയും വിളനിലമായിരുന്നു പരി. മറിയത്തിന്റെ അടുക്കലേക്ക് ദൈവം തന്റെ ദൂതനെ അയയ്ക്കുന്നു. പരി. അമ്മയുടെ ദൈവത്തോടുള്ള സ്നേഹം യഥാർത്ഥമായിരുന്നു. മനുഷ്യനെ രക്ഷിക്കാൻ ഹോമബലിയായി അർപ്പിക്കപ്പെടേണ്ടവന്റെ അമ്മയായിത്തീരാനുള്ള ത്യാഗം മാലാഖാ വഴി ദൈവം ആവശ്യപ്പെട്ടപ്പോൾ 'ഇതാ കർത്താവിന്റെ ദാസി നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ' എന്നു പറഞ്ഞ് പരി. മറിയം ദൈവഹിതത്തിനു വിധേയപ്പെടുന്നു. ഒരിക്കലും തന്റെ പരിശുദ്ധിക്കും സ്നേഹത്തിനും വിശ്വസ്തതയ്ക്കും കളങ്കം വരുത്താതെ ജീവിച്ച അമ്മയുടെ ജീവിതം നമുക്കും മാതൃകയാക്കാം. ഹവ്വായുടെ അനുസരണമില്ലായ്മമൂലം ഉണ്ടായ ബന്ധനം അനുസരണത്തിലൂടെ പരി. മറിയം അഴിച്ചു.

നരകുലമഖിലം രക്ഷ വരിച്ചതു
നീ വഴിയാണെന്നറിവൂ ഞങ്ങൾ
സ്ത്രീവഴി വന്നൊരു പാപമകറ്റിയ
തരുണീമണി നീ ഭാഗ്യമിയന്നോൾ.
(പള്ളിക്കൂദാശാക്കാലം, ബുധൻ റംശാ)

പരി. മറിയത്തെപ്പോലെ ദൈവത്തിന്റെ ക്ഷണം സ്വീകരിക്കുവാൻ നമുക്കും സാധിക്കണം. അവിടുത്തേക്കു പിറക്കുവാനായി നമ്മുടെ ഹൃദയങ്ങൾ നിർമ്മലമാക്കാം. അതിനായി ഈ മംഗളവാർത്താക്കാലത്തിൽ നമ്മിൽ ഒരു നല്ല മാനസാന്തരം നടത്താം. മാനവമക്കളെ രക്ഷിക്കാൻ അരുമസുതനെത്തന്നെ ലോകത്തിനു നൽകിയ ദൈവം – പശ്ചാത്താപത്തിലൂടെ, മാനസാന്തരത്തിലൂടെ അവിടുത്തെ സ്നേഹത്തിലേക്കു കടന്നുവരുവാൻ ഈ മംഗലവാർത്താക്കാലത്തിൽ തന്റെ അരുമമക്കളെ ക്ഷണിക്കുകയാണ്. പരി. മറിയത്തെപ്പോലെ അവിടുത്തെ ക്ഷണം സ്വീകരിക്കുവാൻ നമുക്കും കഴിയണം.

നമ്മുടെ ഹൃദയത്തിലെ പാപമാലിന്യങ്ങളെ പശ്ചാത്താപത്തിന്റെ കണ്ണീരാൽ കഴുകി നിർമ്മലമാക്കാം. പാപാന്ധകാരത്തിൽ നിപതിച്ച മനുഷ്യനെ മോചിച്ച് സ്വർഗീയപിതാവിന്റെ പരിപൂർണതയിലേക്കു കൂട്ടിക്കൊണ്ടു പോകാനായി വന്ന ദിവ്യ പൈതലിനെ നമ്മുടെ ജീവിതത്തിലേക്കു സ്വാഗതം ചെയ്യാം. നമ്മുടെ ഹൃദയങ്ങളിൽ കൊടികുത്തി വാഴുന്ന ശത്രുതയും വിദ്വേഷവും കാപട്യവും അസൂയയും അഹങ്കാരവും സ്വാർത്ഥതയും ജഡികാശകളും ആഡംബരഭ്രമവും, എല്ലാം സ്വന്തമാക്കാനുള്ള ആർത്തിയും എല്ലാ ദുഷ്പ്രവണതകളും നമ്മുടെ ഹൃദയങ്ങളിൽനിന്നും ഉന്മൂലനം ചെയ്യാം. ദൈവസ്നേഹം കൊണ്ടും മനുഷ്യസ്നേഹംകൊണ്ടും കരുണകൊണ്ടും നമ്മുടെ ഹൃദയത്തെ നിറയ്ക്കാം. അങ്ങനെ നമ്മുടെ ഹൃദയമാകുന്ന കാലിത്തൊഴുത്ത് ഉണ്ണിയീശോയ്ക്കു പിറക്കാനായി ഒരുക്കിയിടാം.




# സെനക്കിൾ തരംഗം

**സന്ദേശം**

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

പുതിയ ആരാധനാവത്സരം ആരംഭിക്കുന്ന സന്ദർഭമാണല്ലോ. മംഗളവാർത്താക്കാലവും പിറവിക്കാലവും. മനുഷ്യകുലത്തെ സംബന്ധിച്ചുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി പൂർത്തീകരിക്കപ്പെടാൻ പോകുന്നു എന്ന മംഗളകരമായ വാർത്തയാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രബിന്ദു. മിശിഹായിൽ പിതാവായ ദൈവം ആവിഷ്കരിച്ച രക്ഷാപദ്ധതിയെക്കുറിച്ച് പൗലോസ്ശ്ലീഹാ പറയുന്ന വാക്കുകൾ ഇവിടെ അനുസ്മരിക്കാം: "തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ അവിടുന്നു നമ്മെ മിശിഹായിൽ തിരഞ്ഞെടുത്തു. ഈശോമിശിഹായിലൂടെ നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന്, അവിടുന്ന് തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു" (എഫേ 1,4-5). മിശിഹായിലൂടെ മനുഷ്യകുലം മുഴുവൻ പരിശുദ്ധരും ദൈവപുത്രരുമായിത്തീരണമെന്ന അനാദിമുതലുള്ള ദൈവനിശ്ചയമാണ് മംഗളവാർത്തയിലൂടെ പ്രാവർത്തികമാകുവാൻ തുടങ്ങിയത്. മറിയത്തിൽനിന്നു ജനിക്കാൻ പോകുന്ന ശിശു 'പരിശുദ്ധൻ', 'ദൈവപുത്രൻ' എന്നു വിളിക്കപ്പെടും (ലൂക്കാ 1,35) എന്ന പ്രഖ്യാപനം ഇതു സൂചിപ്പിക്കുന്നുണ്ട്. മറിയത്തിൽ പ്രവർത്തനനിരതമായ പരിശുദ്ധാത്മാവ്, പരിശുദ്ധിയുടെയും ദൈവപുത്രത്വത്തിന്റെയും ആത്മാവാണ്. ഈ അരൂപിയുടെ ശുശ്രൂഷ അതിന്റെ തനിമയിൽ നിർവഹിക്കുവാൻ പുതിയ ആരാധനാവത്സരത്തിൽ നമുക്കു പരിശ്രമിക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

**വാർത്തകൾ**

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗ് 2016 ഒക്ടോബർ 27,28,29 തീയതികളിൽ റോമിൽവച്ചു നടന്നു. ജനറൽ കൗൺസിലേഴ്സ് എല്ലാവരും സന്നിഹിതരായിരുന്നു. റോമാരൂപതയുടെ മെത്രാനെന്ന നിലയിൽ മാർപാപ്പായുടെ പ്രതിനിധിയായിരിക്കുന്ന കർദ്ദിനാൾ വല്ലീനിയുടെ അസിസ്റ്റന്റ് ആർച്ചുബിഷപ്പ് ഫിലിപ്പോ യന്നോനെ, 28-ാം തീയതി ജനറൽ കൗൺസിലേഴ്സിനെ സന്ദർശിക്കുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു. ഒക്ടോബർ 31-ാം തീയതി സ്ഥാപകപിതാവ് വില്യം ജകീന്താ പിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ റോമിലെ 'സാന്താ മരിയാ അയി മോന്തി' ദൈവാലയത്തിൽ കബടറക്കം ചെയ്യുന്ന ശുശ്രൂഷയിൽ ജനറൽ കൗൺസിലേഴ്സ് സംബന്ധിക്കുകയുണ്ടായി. നവംബർ 1 ന് സെന്റ് പോൾസ് ബസിലിക്കായിൽ വച്ചു നടന്ന സ്റ്റീഫൻ ചിറപ്പണത്തുപിതാവിന്റെ മെത്രാൻപട്ടസ്വീകരണശുശ്രൂഷയിലും പങ്കുചേർന്നതിനു ശേഷം ബഹു. മാത്യു വെള്ളാനിക്കലച്ചൻ നവംബർ 7 ന് ഇന്ത്യയിൽ തിരിച്ചെത്തി.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.





# രണ്ട് അമ്മമാർ

**ഫാ. ഷിബു പുളിക്കൽ**
റെക്ടർ, സെന്റ് തോമസ് മൈനർ സെമിനാരി
കല്യാൺ രൂപത


'എന്റെ മകനെ ഒരു വൈദികനാക്കരുതേ' ഒരമ്മയുടെ ദൈവസന്നിധിയിലുള്ള പ്രാർത്ഥന ഇതായിരുന്നു. കാരണം ആ അമ്മയ്ക്ക് ഒരേയൊരു മകനേയുള്ളൂ. ചെറുപ്പം മുതലേ പള്ളിക്കാര്യങ്ങളിലും മതകാര്യങ്ങളിലും വൈദികരുമായി ഇടപഴകി അവൻ ജീവിക്കുന്നത് കണ്ടതുമുതൽ ഈ അമ്മയുടെ ഉള്ളിൽ ഒരു ആധി ആയിരുന്നു. അവനെ ങ്ങാനും അച്ചൻ ആയാൽ വയസ്സുകാലത്ത് മാതാപിതാക്കളായ ഞങ്ങളെ നോക്കാൻ പിന്നെ ആരുണ്ട്? ആ ഭയം ഉള്ളിൽ കത്തിനിൽക്കുന്നതു കാരണം കൊന്ത ചൊല്ലി പ്രാർത്ഥിക്കുമ്പോൾ എല്ലാ ദിവ്യരഹസ്യങ്ങളും ഈ നിയോഗത്തിനായി ആ അമ്മ മാറ്റിവെച്ചു. ഒടുവിൽ ആ അമ്മച്ചിയുടെ പ്രാർത്ഥന ദൈവം കേട്ടു. ആ മകൻ അച്ചനു പകരം ഒരു പട്ടാളക്കാരനായി. അങ്ങനെ അവൻ പട്ടാളത്തിൽ ആയിരിക്കുമ്പോൾ അവന്റെ അപ്പൻ ഒരു ദിവസം പെട്ടെന്ന് ഹൃദയാഘാതംമൂലം മരിച്ചു. പിന്നീട് അമ്മ അങ്ങനെ തനിച്ചായി. ഇപ്പോൾ കാണുന്നവരോടൊക്കെ പറയും മകൻ ഒരു വൈദികനായിരുന്നുവെങ്കിൽ ഇടക്കിടയ്ക്കെങ്കിലും എന്നെ കാണാൻ അവൻ വരുമായിരുന്നു! ആ സങ്കടവും ഉള്ളിലൊതുക്കി ആ അമ്മച്ചി ഇന്നും ജീവിക്കുന്നു.

ഇനി മറ്റൊരു അമ്മയുടെ കഥ. ആ അമ്മയ്ക്കും ഒരു മകനേയുള്ളു. ഒരു അൾത്താരശുശ്രൂഷിയായി അൾത്താരയിൽ നിൽക്കുന്ന

തന്റെ മകൻ എന്നാണ് ഒരു വൈദികനാകുക എന്നതായിരുന്നു ആ അമ്മയുടെ പ്രാർത്ഥന. ആ അമ്മയുടെ പ്രാർത്ഥനയും ദൈവം കേട്ടു. ആ മകൻ അൾത്താരയിൽ ബലിയർപ്പിക്കുന്ന പുരോഹിതനായിത്തീർന്നു. ആ അമ്മയുടെ മകനാണ് ഞാൻ എന്ന് എല്ലായിടത്തും പറയാൻ എനിക്ക് എന്നും അഭിമാനമേയുള്ളു. വൈദികനായതിനുശേഷം ഞാൻ എന്റെ അമ്മയോട് ചോദിച്ചിട്ടുണ്ട് 'അമ്മേ ഞാൻ അച്ചനാകാൻ പോയതിൽ അമ്മയ്ക്ക് ദുഃഖമുണ്ടോ?' അമ്മ പറഞ്ഞ മറുപടി ഇതായിരുന്നു: “മോനേ, നീ അൾത്താര ശുശ്രൂഷിയായി അൾത്താരയിൽ നിൽക്കുമ്പോൾ ഞാൻ എന്നും പ്രാർത്ഥിച്ചിരുന്നത്, നിന്നെ ഒരു വൈദികനായി കാണണമെന്നായിരുന്നു. ആ പ്രാർത്ഥന ദൈവം കേട്ടു. പിന്നെ ഞാനെന്തിന് ദുഃഖിക്കണം?” അമ്മയുടെ പ്രാർത്ഥന, ആ വാക്കുകൾ എന്നും എന്റെ ജീവിതത്തിൽ എനിക്ക് പ്രചോദനം നൽകിക്കൊണ്ടിരിക്കുന്നു. ദൈവം തന്ന മക്കളെ, ഒരാളെ പൗരോഹിത്യത്തിലേക്കും, രണ്ടാമത്തെ ആളെ കുടുംബജീവിതത്തിലേക്കും, അവസാനത്തെ ആളെ സന്ന്യാസജീവിതത്തിലേക്കും കൈപിടിച്ചുയർത്തിയ എന്റെ അപ്പന്റെയും അമ്മയുടെയും സ്നേഹത്തിന്റെയും ദൈവവിശ്വാസത്തിന്റെയും മുമ്പിൽ ഞാൻ ശിരസ് നമിക്കുന്നു.

പ്രിയ മാതാപിതാക്കളോട് ഒരു അപേക്ഷ: 'ദൈവവിളികളെ തടയാതിരിക്കുക' ക്രിസ്തുമസിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട് ഈ കുറിപ്പ് ഇവിടെ അവസാനിപ്പിക്കുന്നു.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന



സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./ അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O., Kottayam - 686 018
Tel. 0481-2578192





വിചാരണ

# വെറുതേ കളിച്ചുവച്ചു ക്ലിക്കാക്കണോ?

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

“വെറുതേയൊന്നു കളിച്ചുവച്ചു നോക്കിയതാ, അതങ്ങു ക്ലിക്കായി”. അടുത്തകാലത്ത് ഒരു ഇടവകാതിർത്തിയിലെ ഒരു കുരിശടിയിൽ ആരംഭിച്ച നൊവേനയിൽ പങ്കെടുക്കാൻ അയൽപ്രദേശത്തുനിന്നുപോലും ധാരാളം ആളുകൾ വന്നുകൂടി. അതൊരു വലിയ സംഭവമായി മാറിയതിനെക്കുറിച്ചു ചോദിച്ചപ്പോൾ വികാരിയച്ചന്റെ വായിൽനിന്നു പുറപ്പെട്ടതാണ് മുകളിൽ സൂചിപ്പിച്ച വാക്കുകൾ. അച്ചൻ അല്പം തമാശ കലർത്തി പറഞ്ഞതാണെങ്കിലും ഈ നാളുകളിൽ മത്സരബുദ്ധിയോടെ വിവിധയിടങ്ങളിൽ സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കുരിശടികളുടെയും നൊവേനകളുടെയും യഥാർത്ഥ ചൈതന്യം വ്യക്തമാക്കാൻ ഇതിലും നല്ലൊരു എക്സ്പ്രെഷൻ ഉണ്ടെന്നു തോന്നുന്നില്ല.

വിശ്വാസവും വിശ്വാസജീവിതശൈലിയും ഒരു പ്രത്യേക ദിശാസന്ധിയിൽ എത്തിയിരിക്കുന്ന കാലഘട്ടമാണിത്. സാമൂഹികജീവിതത്തിന്റെ എല്ലാ മേഖലകളിലും അപരിത്യാജ്യമായി നിലകൊള്ളുന്ന കൈക്കൂലി നല്കലും ശുപാർശ ചെയ്യിക്കലും സാവധാനം വിശ്വാസജീവിതത്തെയും സ്വാധീനിക്കുന്നുവോയെന്നു സംശയിക്കത്തക്കവിധമായിരിക്കുന്നു ചില വിശ്വാസാനുഷ്ഠാനങ്ങൾ! ദൈവത്തോടുള്ള ബന്ധത്തെ നിർവചിക്കുവാൻ ഇന്നത്തെ സാമൂഹികജീവിതത്തിന്റെ അളവുകോലുകൾ ഉപയോഗിക്കുമ്പോൾ ദൈവതിരുമുമ്പിൽ കാര്യങ്ങൾ അവതരിപ്പിക്കാനും അവിടുത്തെ പ്രസാദിപ്പിച്ച് കാര്യങ്ങൾ നേടിയെടുക്കാനും മനുഷ്യനിന്ന് അത്തരത്തിലുള്ള വഴികൾതന്നെ തിരഞ്ഞെടുക്കുന്നു. പലവിധ കാരണങ്ങൾ നിരത്തി അതിനെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് വിശ്വാസികളെ നേർവഴിയിൽ നയിക്കാൻ കടപ്പെട്ട ഇടയന്മാരും മുമ്പിൽനിന്ന് അവരെ നയിക്കുന്നു! സർക്കാർ ഓഫീസുകളിലെ ഇടവഴികളിൽ ഉണ്ടെന്നു പറയപ്പെടുന്ന ഇടനിലക്കാരുടെ റോളുകളിൽ സഭയിലെ വിശുദ്ധരെ പ്രതിഷ്ഠിച്ച് അവർവഴി ദൈവംതമ്പുരാനിൽനിന്ന് അനുഗ്രഹങ്ങളും അനുഭവങ്ങളും നേടിയെടുക്കാൻ പരക്കംപായുന്നവരായി ഇന്ന് വിശ്വാസികൾ രൂപപ്പെട്ടുവരുന്നുണ്ടെങ്കിൽ സഭയുടെ വിശ്വാസജീവിതവഴിയിൽ വലിയ പ്രതിസന്ധി കാത്തിരിക്കുന്നുവെന്ന് നാം തിരിച്ചറിയണം.

കേരളത്തിൽ ഏതാനും വർഷങ്ങൾക്കുമുമ്പുമാത്രം സ്ഥാപിക്കപ്പെട്ട ചില കേന്ദ്രങ്ങളിലേക്ക് ഭക്തജനപ്രവാഹം ഉണ്ടാകുന്നത് പ്രത്യേക കാര്യസാദ്ധ്യങ്ങൾക്കുവേണ്ടിയൊന്നു

മല്ല, ആ വിശുദ്ധരോടുള്ള പ്രത്യേക സ്നേഹവും വണക്കവും പ്രകടിപ്പിക്കാനാണെന്നു പറഞ്ഞാൽ, കേരളത്തിലെ തെരുവുനായപ്രശ്നം ഏതാനും പട്ടിവിരോധികൾ സൃഷ്ടിച്ചെടുത്ത ഊഹക്കഥകളാണെന്നു പറയുന്നതുപോലെയുള്ള മണ്ടത്തരം ആയിരിക്കും അതും. നമ്മെ മൂക്കോളം മുക്കിക്കളയുന്ന വലിയ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ പരിഹാരമന്വേഷിച്ച് പരക്കംപായാതിരിക്കാൻ നമുക്കാവില്ല. മനുഷ്യന്റെ ഈ നിസഹായാവസ്ഥയിൽ കൂടെനിന്ന് അവനെ രക്ഷയുടെ കച്ചിത്തുരുമ്പ് കാണിച്ചുകൊടുക്കുവാൻ പരിശ്രമിക്കുന്നതിനു പകരം 'കളിച്ചുവയ്ക്കുന്ന' ഇന്നത്തെ ആത്മീയസംസ്കാരം സത്യവിശ്വാസത്തിന് എത്രമാത്രം കോട്ടംവരുത്തുന്നുവെന്ന് നാം ചിന്തിക്കണം.

ഒന്നാമതായി ഇതുപോലുള്ള ശൈലികൾകൊണ്ട് ദൈവാനുഗ്രഹത്തിന്റെ സ്രോതസ്സിൽനിന്ന് വിശ്വാസികൾ അകറ്റപ്പെടുന്നു. നാം മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്ന വിശുദ്ധാത്മാക്കൾ ആ പദവിയിൽ എത്തിച്ചേരാൻ ഉപയോഗിച്ചതും ഇന്നും നമ്മുടെ അവകാശമായി സഭയിലുള്ളതുമായ വിശുദ്ധ കൂദാശകളെ ശരിയായി മനസ്സിലാക്കുന്നതിലും അതിൽ പങ്കുചേരുന്നതിലും അതിന്റെ അത്ഭുതകരമായ ഫലങ്ങൾ അനുഭവിക്കുന്നതിലും വിശ്വാസികൾ പരാജയപ്പെടുകയാണ്. ആ വിശുദ്ധ കർമ്മങ്ങളൊക്കെ സഭയുടെ ഔദ്യോഗിക കാര്യങ്ങൾ; പക്ഷേ ജീവിതത്തിൽ അനുഗ്രഹങ്ങൾ പ്രാപിക്കാൻ ചില നൊവേനകളും പ്രത്യേക അനുഷ്ഠാനങ്ങളും വേണമെന്ന ശൈലിയിലാണ് ഇന്ന് വിശ്വാസികൾ പലരും ചിന്തിക്കുന്നത്. ആ ചിന്തയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രതികരണങ്ങളും നടപടികളുമാണ് ചില അജപാലകരുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതും. അതിന്റെ ഫലമായി വിശുദ്ധ കൂദാശകളെക്കാൾ ചില ഭക്താനുഷ്ഠാനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന തെറ്റായ ഒരു വിശ്വാസജീവിതശൈലി വളർന്നുവരുന്നുണ്ട് എന്നത് നാം കാണാതിരുന്നുകൂടാ.

മറ്റൊരു പ്രധാന പ്രതിസന്ധി സത്യവിശ്വാസത്തിൽ ചില കലർപ്പുകൾ കടന്നുവരുന്നു എന്നതാണ്. സഭ ചിലരെ പ്രത്യേകമായി പേരുവിളിച്ച് അൾത്താരവണക്കത്തിനു മാറ്റിനിർത്തുന്നത് എന്തിനുവേണ്ടിയാണെന്ന ബോദ്ധ്യമില്ലാതെ സഭയെക്കുറിച്ചും സഭയിലെ വിശുദ്ധരെക്കുറിച്ചും തെറ്റായ കാഴ്ചപ്പാടുകൾ പുലർത്തുന്നതിന്റെ ഉദാഹരണങ്ങൾ ഇന്നു ധാരാളമുണ്ട്. വിശുദ്ധരുടെ രൂപങ്ങളെ "പ്രതിഷ്ഠ"കളായി കാണുന്ന ഒരു ശൈലി അറിയാതെ വിശ്വാസത്തിൽ കടന്നുവന്നിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാരണം സ്വന്തം ഇടവകപ്പള്ളിയിൽ ഇരിക്കുന്ന വിശുദ്ധന്റെ രൂപത്തെക്കാൾ ചില പ്രത്യേക സ്ഥലങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന രൂപങ്ങളുടെ മുമ്പിൽപോയി പ്രാർത്ഥിക്കുന്നതാണ് കൂടുതൽ ഫലപ്രദമെന്ന ചിന്തയുള്ളതുകൊണ്ടല്ലേ മനുഷ്യർ നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ചില പ്രത്യേക സെന്ററുകളിലേക്ക് വണ്ടിയുംപിടിച്ച് എല്ലാ ആഴ്ചയിലും പൊയ്ക്കൊണ്ടിരിക്കുന്നത്. രൂപങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന സ്ഥലമനുസരിച്ച് അവയ്ക്ക് 'ശക്തി' കൂടുകയും കുറയുകയും ചെയ്യുമെന്നാണോ?! യഥാർത്ഥത്തിൽ വിശുദ്ധരുടെ രൂപങ്ങളോ അതു സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങളോ ആണോ ദൈവാനുഗ്രഹത്തിന്റെ സ്രോതസ്സ്?! വിഗ്രഹാരാധനയിലേക്കു വഴുതിവീഴാവുന്ന അവസ്ഥയിലാണ് പലരുടെയും വിശ്വാസമെന്ന സത്യം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

വീണ്ടും, ഇടവകകേന്ദ്രീകൃതവും ആരാധനക്രമാധിഷ്ഠിതവുമായ ഒരാത്മീയശൈലി പൈതൃകമായി ലഭിച്ച നമ്മുടെ വിശ്വാസികളെ ഇന്ന് ഇടവകപ്പള്ളിയിൽനിന്നും ആരാധനക്രമത്തിൽനിന്നും പുറത്തേക്കിറക്കിവിടുന്ന ഒരവസ്ഥയാണ് സംജാതമാകുന്നത്. ഒരു ഇടവകയിലെ ഓരോ വ്യക്തിയുടെയും ജീവിതത്തിന്റെ



പ്രതീക്ഷയുടെ പൂമൊട്ടുകൾ

മുഴുവൻ അനുഭവങ്ങളെയും സമർപ്പിക്കേണ്ട വേദിയായി ഇടവകദൈവാലയത്തിന്റെ ബലിപീഠത്തെ അനുഭവിച്ചറിയാൻ സാധിക്കാത്ത അവസ്ഥയിൽ അവർ ആശ്വാസവും അനുഗ്രഹവുംതേടി മറ്റു കേന്ദ്രങ്ങളിലേക്ക് യാത്രയാകുന്നു.

ഈ കുറിപ്പുകൾകൊണ്ട് എന്നെ വിശുദ്ധരുടെ ശത്രുവും തീർത്ഥാടനവിരോധിയുമാക്കരുതേ. വിശുദ്ധരോടുള്ള വണക്കവും മദ്ധ്യസ്ഥപ്രാർത്ഥനയും വിശുദ്ധ സ്ഥലങ്ങളിലേക്കുള്ള തീർത്ഥാടനങ്ങളും നമ്മുടെ സഭയുടെ നല്ല പാരമ്പര്യമാണെന്നുള്ള തിരിച്ചറിവ് എനിക്കുണ്ട്. എന്നാൽ ഇവയ്ക്കൊക്കെ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന രൂപമാറ്റത്തെക്കുറിച്ചുമാത്രമാണ് ഞാൻ സൂചിപ്പിക്കുന്നത്. നമ്മുടെ പാരമ്പര്യത്തിലുള്ള തീർത്ഥാടനകേന്ദ്രങ്ങൾ അതിന്റെ പ്രാധാന്യംകൊണ്ട് സ്വയം രൂപപ്പെട്ടുവന്നതാണ്. അവിടെ ജീവിച്ചതോ മരിച്ചതോ ആയ വിശുദ്ധജന്മങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് വളർന്നുവന്ന കേന്ദ്രങ്ങളാണ്. അതുകൊണ്ടുതന്നെ അതിന് വലിയ പരസ്യബോർഡുകളോ അത്ഭുതസാക്ഷ്യങ്ങളോ ഒന്നും ആവശ്യമായിരുന്നില്ല. വിശ്വാസജീവിതത്തിനു മാതൃകയായും അത് കുറവുകൂടാതെ ജീവിക്കാനുള്ള മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്നതിനുവേണ്ടിയും വിശ്വാസികൾ സ്വാഭാവികമായും അവിടേക്കു തീർത്ഥാടനങ്ങൾ നടത്തുന്നു. എന്നാൽ മുകളിൽ സൂചിപ്പിച്ചതുപോലെ ചില പ്രത്യേക ലക്ഷ്യങ്ങളോടെ പരസ്യങ്ങളുടെയും സാക്ഷ്യങ്ങളുടെയുമൊക്കെ അകമ്പടിയോടെ മത്സരബുദ്ധികൾ 'കളിച്ചുവയ്ക്കുന്ന' കേന്ദ്രങ്ങളാണ് ഇന്ന് ക്ലിക്കായിക്കൊണ്ടിരിക്കുന്നത്.

സഭയിലെ ഈ പുതിയ പ്രതിഭാസത്തിന് ന്യായീകരണമായി ചിലരെങ്കിലും ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. ജനങ്ങൾക്ക് ഇടവകപ്പള്ളിയിൽ ലഭിക്കാത്ത ചില പ്രത്യേക അനുഭവങ്ങളും അനുഗ്രഹങ്ങളും ഇതുപോലുള്ള സ്ഥലങ്ങളിൽനിന്നു ലഭിക്കുന്നുണ്ടെങ്കിൽപിന്നെ അതിനെ വിമർശിക്കേണ്ട ആവശ്യമുണ്ടോയെന്ന്. അതിനാൽ ഒരു വൈദികൻ എന്ന നിലയിൽ ഒരു മാപ്പപേക്ഷയോടെ ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

ഈശോയുടെ സാന്നിദ്ധ്യത്തിന്റെ തുടർച്ചയായി അവിടുന്നുതന്നെ നല്കിയിരിക്കുന്ന വിശുദ്ധ കൂദാശകൾ വിശ്വാസികൾക്ക് ദൈവാനുഭവം പകരുന്നവിധത്തിൽ പരികർമ്മം ചെയ്യാൻ കഴിയാത്തതിന്...

ഇടവകദൈവാലയവും അതിന്റെ ബലിപീഠവും അവിടുത്തെ ബലിയർപ്പണവുമാണ് ഇടവകയെ കുടുംബമായി രൂപപ്പെടുത്തുന്നത് എന്ന തിരിച്ചറിവ് പകർന്നുനല്കാൻ കഴിയാത്തതിന്...

ജീവിതത്തിന്റെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കുമെല്ലാം അർത്ഥവും ഉത്തരവും ലഭിക്കുന്ന വിധത്തിൽ വി. കുർബാനയർപ്പണം നടത്താൻ കഴിയാത്തതിന്...

**ഡിസംബർ 18 ന് മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ തിരുനാൾ ആഘോഷിക്കുന്നു. 1558 ൽ ആണ് ആദ്യമായി സ്ലീവാ രക്തം വിയർത്തത്.**



# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

**ഷീലമ്മ പൂതക്കുഴിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം**

*പരിശുദ്ധ അമ്മ പരിശുദ്ധാത്മാവിന്റെ ആലയമാണെന്നതു നമുക്കു ധ്യാനിക്കാം.*

*"ദൂതൻ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെമേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും"*

തന്നിൽ വന്നു നിറഞ്ഞ അരൂപിയുടെ ചൈതന്യത്താൽ ദൈവമാതൃസ്ഥാനം ഭയലേശമെന്യേ ഏറ്റെടുത്ത പരിശുദ്ധ അമ്മേ, ജീവിതപ്രതിസന്ധികളിൽ തളരാതെ, പതറാതെ, ദൈവാരൂപിയുടെ ചൈതന്യത്തിൽ ജീവിച്ചുകൊണ്ട് ഉത്തമക്രൈസ്തവജീവിതത്തിന്റെ മാതൃകകളാകുവാൻ അമ്മ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.
*1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**

*വചനം സ്വീകരിച്ച് അതിൽ നിലനിന്നവളായ പരി. മറിയത്തെ നമുക്കു ധ്യാനിക്കാം.*

*"മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി; നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ".*

ജീവിതംകൊണ്ട് വചനത്തിനു പ്രത്യുത്തരം നല്കിയ പരിശുദ്ധ അമ്മേ, മുൾച്ചെടികൾക്കിടയിലും പാറമേലും വഴിവക്കിലും വീണ വിത്തുകൾപോലെയാകാതെ, വചനത്താൽനിറഞ്ഞ് ഫലം പുറപ്പെടുവിക്കുന്ന ജീവിതം നയിക്കുവാൻ അമ്മ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**

*ദൈവതിരുമുമ്പിൽ എളിമയുടെ ജീവിതം നയിച്ച പരി. അമ്മയെ നമുക്കു ധ്യാനിക്കാം.*

*"അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു".*

എളിമയുടെ നിറകുടമായ പരി. അമ്മയിൽ ദൈവകുമാരൻ വന്നു പിറക്കുന്നു. പരി. അമ്മേ, ഞങ്ങളുടെ ഹൃദയങ്ങളിലും നിന്റെ തിരുക്കുമാരൻ വന്നു പിറക്കുവാൻ തക്കവിധം എളിമയും ലാളിത്യവും നിറഞ്ഞവരാകുവാൻ അമ്മ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**

*ധ്യാനാത്മകജീവിതം നയിച്ച പരി. മറിയത്തെ നമുക്കു ധ്യാനിക്കാം.*

*"മറിയമാകട്ടെ, ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു".*

ദൈവഹിതത്തിനു കാതോർത്ത് ദൈവഹിതപ്രകാരം ജീവിച്ച പരി. അമ്മേ, എപ്പോഴും ദൈവഹിതം തേടുവാനും പ്രാർത്ഥനയിലും വചനത്തിന്റെ ശക്തിയിലും ആശ്രയിച്ചു ജീവിക്കുവാനും അമ്മ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**

*ജീവിതക്ലേശങ്ങൾ ഈശോയോടു ചേർന്നു വഹിച്ച പരി. മറിയത്തെ നമുക്കു ധ്യാനിക്കാം.*

*"നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളഞ്ഞുകയറും".*

ദൈവഹിതത്തിന് ആമ്മേൻ പറഞ്ഞ നിമിഷംമുതൽ കുരിശുകളും ക്ലേശങ്ങളുമായിരുന്നു അമ്മയ്ക്ക് നേരിടേണ്ടി വന്നത്. പരി. അമ്മേ, നിന്റെ മാതൃക അനുകരിച്ച്, ജീവിതക്ലേശങ്ങളിൽ പരാതിപ്പെടാതെ, മറുചോദ്യം ഉന്നയിക്കാതെ, നിന്റെ തിരുക്കുമാരനെ അടുത്തനുഗമിക്കാൻ തക്കവിധം പ്രാപ്തരാകുവാൻ അമ്മ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ. *1 സ്വർഗ, 1 നന്മ, 1 ത്രിത്വ.*





**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**

## Spirituality Centre Programme

### December

- 05 Superiors' Meet
- 06 Bible Study Forum
- 06-07 Cenacle Gathering (Sodales&Aspirants)
- 10 Social Animators & School of Bible
- 11-15 Ecumenical Dialogue
- 15-22 Retreat for Deacons
- 25-31 Week of the Institute-Apostolic Oblates

RNI: KERMAL/2014/59983
Published on
24th November 2016

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

“ഞങ്ങളുടെ കർത്താവായ ദൈവമേ,
മാനവവംശത്തോടുള്ള സ്നേഹാധിക്യത്താൽ
വിണ്ണിന്റെ മഹത്ത്വം മാറ്റിവച്ച നിന്റെ
മഹോന്നതസ്നേഹം ഞങ്ങൾക്കനുഭവമാക്കണമേ.
എമ്മാനുവേൽ അനുഭവത്തിൽ ആഴപ്പെട്ടുകൊണ്ട്
നീയാകുന്ന സുവിശേഷത്തെ ഞങ്ങളുടെ
ജീവിതങ്ങൾവഴി ലോകം മുഴുവനോടും
പ്രഘോഷിക്കുവാനും അങ്ങനെ നിന്റെ
മനുഷ്യാവതാരത്തിന്റെ സത്ഫലങ്ങൾ
ആസ്വദിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ.”
(മംഗളവാർത്തക്കാലം, ഞായർ-എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Apostolic Oblates, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 0481-2570862, E-mail: wigipress@gmail.com and Published at Spirituality Centre, Manganam P.O., Kottayam - 686 018, Ph: 0481 2578192, E-mail: psmktm@gmailcom.
Editor: Fr. Mathew Vellanickal